# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2018
ജനുവരി
വാല്യം 11 | ലക്കം 1
Annual Subscription ₹ 60.00



## രൂപതാ ദിനാഘോഷവും വിമലഗിരി കത്തീഡ്രൽ തിരുനാൾ സമാപനവും



*വിമലഗിരി കത്തീഡ്രലിൽ നടന്ന ഇതരസംസ്ഥാന വിശ്വാസി സംഗമം*



*ബൈബിൾ മാസാചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി.യും വിജയപുരം ബൈബിൾ അപ്പോസ്തലേറ്റും കോട്ടയം കാത്തലിക് മൂവ്മെന്റും സംയുക്തമായി നാഗമ്പടം സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രത്തിൽ നടത്തിയ ദ്വിദിന അഖണ്ഡ ബൈബിൾ പാരായണം ഉദ്ഘാടനം*

JANUARY 2018
Vol.11 • No.1
REGISTERED NEWSPAPER
Reg.No. KERMAL/2008/24745



# വിജയപുരദൂത്
VIJAYAPURAM DIOCESAN BULLETIN

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editors*
**Fr. Xavier Cherunellady**
**Adv. Henry John**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Sri. Albert John**

*Circulation Manager*
**Fr. Xavier Cherunellady**
Mob: 9946511172
Ph: 0481-2456055



## താളുകൾ മറിക്കുമ്പോൾ...

4 എഡിറ്റോറിയൽ: പുതിയ സൃഷ്ടിയാവുക
5 TRANSFERS & APPOINTMENTS
6 2018– രൂപതാ കച്ചേരി അവധി ദിനങ്ങൾ പ്രത്യേക പിരിവ് നടത്തേണ്ട ദിവസങ്ങൾ
07 ദ്വിദിന അഖണ്ഡ ബൈബിൾ പാരായണം
08 പാരിന്റെ നാഥനാം പൈതലാം ഈശോയ്ക്ക് നിറമിഴിപ്പൂക്കളുമായ് (കവിത)
09 ദൈവവിളി പ്രോത്സാഹന ഞായർ (KRLCBC സർക്കുലർ)
11 ഫ്രാൻസിസ് മാർപാപ്പയുടെ ലോകസമാധാന ദിന സന്ദേശം
15 ഇതര സംസ്ഥാന വിശ്വാസി സംഗമം
18 കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ 14–ാമത് ജനറൽ അസംബ്ലി
23 ഇടവക വാർത്തകൾ
28 സംഘടനാ വാർത്തകൾ
30 വി.എസ്.എസ്.എസ്. വാർത്തകൾ
34 അഭിവന്ദ്യ പിതാവിന്റെ ജനുവരി മാസ പരിപാടികൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

EDITORIAL

# പുതിയ സൃഷ്ടിയാവുക

പുതുവർഷത്തിന്റെ ആദ്യമാസത്ത[redacted] ആരംഭത്തിൽ തന്നെ ഏവർക്കും പുതുമയും പുതുവർഷത്തിന്റെ മം[redacted]ങ്ങളും അനുഗ്രഹങ്ങളും ആശംസിക്കുന്നു. ഭൂതത്തിന്റെ കെട്ടുകളിൽ നി[redacted]ം കെട്ടുപാടുകളിൽ നിന്നും വിമോചിതരായി ഭാവിയുടെ പുതുമകളിലേ[redacted] നമുക്കു മുന്നേറാം. അതോർമ്മപ്പെടുത്തുന്ന 10 ബൈബിൾ ഭാഗങ്ങ[redacted]പുതുവർഷത്തിലെ വിചിന്തനത്തിനും ധ്യാനത്തിനുമായി സമർപ്പിക്കട്ടെ.

1. എശ. 43:18–19: കഴിഞ്ഞ കാര്യങ്ങ[redacted] നിങ്ങൾ ഓർക്കുകയോ പരിഗണിക്കുകയോ വേണ്ട. ഇതാ ഞാൻ [redacted]തിയ ഒരു കാര്യം ചെയ്യുന്നു. അതു മുളയെടുക്കുന്നതു നിങ്ങൾ അറി[redacted]ുന്നില്ലേ?

2. എശ. 65:17–18: ഇതാ ഞാൻ ഒരു [redacted]തിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു. പൂർവ്വകാര്യങ്ങൾ[redacted]അനുസ്മരിക്കുകയോ അവ മനസ്സിൽ വരുകയോ ഇല്ല. ഞാൻ സൃഷ്ടിക[redacted]ന്നവയിൽ നിങ്ങൾ നിത്യം സന്തോഷിക്കുകയും ആനന്ദിക്കുകയും [redacted]ചെയ്യുവിൻ. ജറുസലെമിനെ ഒരു ആനന്ദമായും അവളുടെ ജന[redacted] ആഹ്ളാദമായും ഞാൻ സൃഷ്ടിക്കുന്നു.

3. വിലാ. 3:22–23: കർത്താവിന്റെ സ[redacted]നഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം അവസ[redacted]നിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ്. അവിടുത്തെ[redacted] വിശ്വസ്തത ഉന്നതമാണ്.

4. എസ 11:19 (36:36) അവർക്കു ഞാ[redacted] ഒരു പുതിയ ഹൃദയം നൽകും. ഒരു പുതിയ ചൈതന്യം അവരിൽ ഞ[redacted]ൻ നിക്ഷേപിക്കും. അവരുടെ ശരീരത്തിൽ നിന്ന് ശിലാഹൃദയം എടു[redacted]തുമാറ്റി ഒരു മാംസള ഹൃദയം ഞാൻ കൊടുക്കും.

5. 1 കൊറി. 5:7: നിങ്ങൾ പുളിപ്പില്ലാ[redacted] പുതിയ മാവ് ആകേണ്ടതിന് പഴയ പുളിപ്പ് നീക്കിക്കളയുവിൻ.

6. 2 കൊറി. 5:17 ക്രിസ്തുവിൽ ആ[redacted]രിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി. ഇതാ [redacted]തിയതു വന്നുകഴിഞ്ഞു.

7. എഫേ 4:22: നിങ്ങളുടെ പഴയ ജ[redacted]ിത രീതിയിൽ നിന്നു രൂപം കൊണ്ട, വഞ്ചന നിറഞ്ഞ ആസക്തികള[redacted] കലുഷിതനായ പഴയ മനുഷ്യനെ ദൂരെയറിയുവിൻ. നിങ്ങൾ മന[redacted]ന്റെ ചൈതന്യത്തിൽ നവീകരിക്കപ്പെടട്ടെ. യഥാർത്ഥമായ വിശുദ്ധി[redacted]ലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷിടിക്കപ്പെട്ട പുതി[redacted] മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ.

*ശേഷം 5-ാം പേജിൽ* ▶▶

# രൂപതാ കാര്യാലയത്തിൽ നിന്ന്

1. Very Rev. Fr. Selvi Antony Pl[redacted]arambil is appointed the Director of "Cornelianum" in addition[redacted]o his present office as Judicial Vicar.

8. ഫിലി. 3:11: എന്നാൽ ഒരു കാര്യ[redacted]ഞാൻ ചെയ്യുന്നു. എന്റെ പിന്നിലുള്ള വയെ വിസ്മരിച്ചിട്ട് മുന്നിലുള്ള[redacted]യ ലക്ഷ്യമാക്കി ഞാൻ മുന്നേറുന്നു.

9. കൊളോ.3:9-10: പഴയ മനുഷ്[redacted]ന അവന്റെ ചെയ്തികളോടുകൂടി നിഷ്കാസനം ചെയ്യുവിൻ. സമ്പ[redacted]ണ്ണ ജ്ഞാനം കൊണ്ട് സ്രഷ്ടാവിന്റെ പ്രതിച്ഛായക്കനുസൃതമായി ന[redacted]കരിക്കപ്പെടുന്ന പുതിയ മനുഷ്യനെ ധരിക്കുവിൻ.

10. വെളി. 21:4-5 അവിടുന്ന് അവര[redacted]ട മിഴികളിൽ നിന്ന് കണ്ണീർ തുടച്ചു നീക്കും. ഇനി മരണം ഉണ്ടാ[redacted]ിക്കുകയില്ല. ഇനിമേൽ ദുഃഖമോ, മുറവിളിയോ, വേദനയോ ഉണ്ടാ[redacted]കയില്ല. പഴയതെല്ലാം കടന്നുപോയി. സിംഹാസനത്തിലിരിക്കുന്നവ[redacted]പറഞ്ഞു: ഇതാ സകലവും ഞാൻ നവീകരിക്കുന്നു.

ഇന്നലെകൾ ഭൂതം പോലെ ന[redacted] കുറ്റബോധം, വിരോധം, ആർത്തി, (ആസക്തി), ദുഃഖം, ഭയം തുടങ്ങി[redacted]നിഷേധാത്മകതകളിൽ കുടുക്കിയിട്ട് നമ്മുടെ ജീവിതത്തെ അടിമത്തങ്ങ[redacted]ലും വിഷമങ്ങളിലും വേദനകളിലും തളച്ചിടും. ക്രിസ്തുവിലൂടെ ഉന്നത[redacted]ിൽ നിന്നിറങ്ങിവന്ന സ്നേഹത്തിന്റെ ഉദയരശ്മി ആ ന്യൂനങ്ങളെ (-) ഭേദി[redacted] അധികചിഹ്നം (+) ആക്കും. നമ്മിലെ മൈനസുകൾ അപ്പോൾ പോസിറ്റ[redacted] ആകും (റോമ. 8:28). ആകയാൽ പുതുവർഷത്തിലേക്കു കടന്നുവരു[redacted]നമുക്ക് ഇന്നലകളെ ആധാര മാക്കി യുള്ള മനോഭാവങ്ങളും ജീവിതരീ[redacted]യും വെടിയാം. നമ്മെ പുതുസൃഷ്ടി കളാക്കാൻ വന്ന യേശുവിനെ ആ[redacted]രമാക്കിയുള്ള സ്നേഹത്തിന്റെയും ജീവന്റെയും സംതൃപ്തിയുടെയു[redacted]സമാധാന ത്തിന്റെയും സന്തോഷ ത്തിന്റെയും ജീവിതഭാവം ഉൾക്കൊ[redacted]ളാം. ആണ്ടുപിറവിയിൽ ദൈവമാതാ വിന്റെ തിരുനാൾ ആഘോഷിച്ച് [redacted]ുക്ക് അവളിലൂടെ ദൈവമക്കളായി വീണ്ടും ജനിക്കാം. അനുഗ്രഹപൂർ[redacted]വും ഐശ്വര്യപൂർണ്ണവുമായ പുതുവ ത്സരം ആശംസിക്കുന്നു.

# 2018-ലെ രൂപതാ കച്ചേരി അവധി ദിനങ്ങൾ

| | | |
|---|---|---|
| ജനുവരി 01 | - | നവവത്സരദിനം |
| ജനുവരി 20 | - | അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാൾ |
| ജനുവരി 26 | - | റിപ്പബ്ലിക്ദിനം |
| മാർച്ച് 19 | - | വി. യൗസേപ്പിതാവിന്റെ തിരുനാൾ |
| മാർച്ച് 27- ഏപ്രിൽ 2 | - | ഈസ്റ്റർ അവധി |
| മെയ് 01 | - | തൊഴിലാളിദിനം |
| ആഗസ്റ്റ് 15 | - | ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| നവംബർ 01 | - | സകല വിശുദ്ധരുടെ തിരുനാൾ |
| ഡിസംബർ 08 | - | വിമലഗിരി കത്തീഡ്രൽ തിരുനാൾ |
| ഡിസംബർ 24-31 | - | ക്രിസ്തുമസ് അവധി |

# 2018-ലെ പ്രത്യേക പിരിവുകൾ നടത്തേണ്ട ദിവസങ്ങൾ

| | | |
|---|---|---|
| ജനുവരി 07 | - | പ്രത്യക്ഷീകരണം (ആഫ്രിക്കൻ മിഷൻ) |
| ഫെബ്രുവരി 11 | - | തിരുബാലസഖ്യ ദിനം |
| വലിയനോമ്പാരംഭം | - | ഫെബ്രുവരി 14: നോമ്പുകാലത്തിലെ രണ്ടു ഞായറാഴ്ചകളിലെ പിരിവ് വിശപ്പിനും രോഗത്തിനുമെതിരെ കാരിത്താസ് ഇന്ത്യയുടെ പ്രവർത്തനങ്ങൾക്കായി വി.എസ്.എസ്.എസിൽ ഏൽപ്പിക്കേണ്ടതാണ്. |
| മാർച്ച് 29 | - | പെസഹാവ്യാഴം (വൈദികദിനം) PMAS |
| മാർച്ച് 30 | - | ദുഃഖവെള്ളി (വിശുദ്ധനാടുകളുടെ സംരക്ഷണം) |
| ഏപ്രിൽ 22 | - | ദൈവവിളിദിനം |
| ജൂൺ 24 | - | വി. പത്രോസിന്റെ സിംഹാസന പിരിവ് |
| ജൂലൈ 01 | - | കെ.സി.വൈ.എം. |
| ആഗസ്റ്റ് 19 | - | നീതി ഞായർ |
| നവംബർ 11 | - | മാധ്യമദിനം |
| ഡിസംബർ 09 | - | കെ.ആർ.എൽ.സി.സി. ദിനം |
| ഡിസംബർ 30 | - | തിരുക്കുടുംബദിനം (കുടുംബപ്രേഷിതത്വം) |

# വി. സെബാസ്റ്റ്യാനോസിന്റെ തിരുനാൾ



ജനുവരി 20ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

**അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിന്**

*എല്ലാവിധ മംഗളങ്ങളും പ്രാർത്ഥനാശംസകളും അർപ്പിക്കുന്നു.*

# ദ്വിദിന അഖണ്ഡബൈബിൾ പാരായണവും എക്സിബിഷനും

കേരളാ കാത്തലിക് ബൈബിൾ സൊസൈറ്റിയും വിജയപുരം രൂപതാ ബൈബിൾ അപ്പസ്തോലേറ്റും കോട്ടയം കാത്തലിക് മൂവ്മെന്റും സംയുക്തമായി സംഘടിപ്പിച്ച ദ്വിദിന അഖണ്ഡ ബൈബിൾ പാരായണവും ബൈബിൾ എക്സിബിഷനും വിജയപുരം ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രത്തിൽ ബൈബിൾ പാരായണം നടത്തി ഉദ്ഘാടനം ചെയ്തു. സമൂഹബലിക്കുശേഷം നടന്ന സമ്മേളനത്തിൽ ചാൻസലർ മോൺ. ജോസ് നവസ് അദ്ധ്യക്ഷനായിരുന്നു. കേരളാ കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ സെക്രട്ടറി ഫാ. ജോൺസൺ പുതുശ്ശേരി അനുഗ്രഹ പ്രഭാഷണവും ഹീബ്രു ഭാഷയിൽ ബൈബിൾ പാരായണവും നടത്തി. രൂപതാ വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ ഇറ്റാലിയൻ ഭാഷയിൽ ബൈബിൾ വായിച്ചു. കോട്ടയം അതിരൂപതാ വികാരി ജനറാൾ മോൺ. മൈക്കിൾ വെട്ടിക്കാട്ട്, വിജയപുരം ബൈബിൾ അപ്പസ്തോലറ്റ് ഡയറക്ടർ ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട്, കോർപ്പറേറ്റ് മാനേജർ ഫാ. പോൾ ഡെന്നി രാമച്ചംകുടി, പി.ആർ.ഒ. ഹെൻറി ജോൺ എന്നിവർ പ്രസംഗിച്ചു. ഗ്രീക്ക്, തെലുക്ക്, തമിഴ്, ഹിന്ദി, ജർമ്മൻ, കൊറിയൻ, സുറിയാനി തുടങ്ങിയ വിവിധ ഭാഷകളിൽ നടത്തിയ ബൈബിൾ പാരായണം രാത്രി 9.30 നു സമാപിച്ചു. പിറ്റേന്നു രാവിലെ 9നു പുനരാരംഭിച്ച പാരായണയജ്ഞം വൈകുന്നേരം 5നു നടന്ന ദിവ്യബലിയോടെയും ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം നൽകിയ സമാപന സന്ദേശത്തോടെയും സമാപിച്ചു.



ഇക്കഴിഞ്ഞ 6 വർഷങ്ങൾ വിജയപുരദൂതിന്റെ ചീഫ് എഡിറ്ററായി നിസ്തുല സേവനമർപ്പിച്ച രൂപതയുടെ മുൻ ചാൻസലർ ബഹുമാനപ്പെട്ട ജോർജ്ജ് ജോൺ മേരിമംഗലമച്ചന് ഏറ്റം സ്നേഹാദരവുകളോടെ കൃതജ്ഞതയർപ്പിക്കുന്നു. സഭയ്ക്കും രൂപതയ്ക്കും വേണ്ടി തുടർന്നും ദൈവികശുശ്രൂഷ നിർവഹിക്കുവാനുള്ള ആയുരാരോഗ്യങ്ങൾ സർവ്വശക്തനായ ദൈവം നൽകുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

*പത്രാധിപസമിതി.*

## പുതുവത്സരാശംസകൾ

**ദൈ**വമുഖത്തേക്കു നോക്കി 2017 വർഷം നമുക്കു ലഭിച്ച അനുഗ്രഹങ്ങളെ ഓർത്ത് ഹൃദയപൂർവ്വം നന്ദി പറയാം. ദൈവമേ നന്ദി, 2017 നെ ശോഭയുള്ളതാക്കിയതിന്, അനുനിമിഷം നമ്മെ സംരക്ഷിച്ചതിന്, നമ്മുടെ രൂപതയെ കാത്തുപാലിച്ചതിന്. ഒപ്പം പുതുവർഷത്തെ നമുക്കു ഹൃദ്യമായി വരവേൽക്കാം. പുതുവർഷത്തിൽ നമ്മുടെ രാഷ്ട്രത്തെയും സമൂഹത്തെയും കുടുംബങ്ങളെയും അനുഗ്രഹിക്കുവാൻ ദൈവകൃപ യാചിക്കാം. പുത്തനാണ്ടിന്റെ സർവ്വവിധ മംഗളങ്ങളും ഐശ്വര്യങ്ങളും എല്ലാവർക്കും നേരുന്നു.

*പത്രാധിപസമിതി*

## പാരിന്റെ നാഥനാം പൈതലാം ഈശോയ്ക്ക് നിറമിഴിപ്പൂക്കളുമായ്

ജിബിൻ ജോൺ, പൂവം

പൈതലാം യേശുവേ ആരാധന
സ്നേഹചൈതന്യമേ ആരാധന
നീയെന്നിൽ നിറയേണമേ...
കാരുണ്യം ചൊരിയേണമേ....

നിറമിഴിപ്പൂക്കൾ ഞാൻ അർപ്പിക്കയായ്
അലിവോടെ ദൈവമേ കൈക്കൊള്ളണേ
ഹൃത്തിൽ നീ അലിയേണമേ..
പരിശുദ്ധി ജ്വലിപ്പിക്കണേ...

പാപങ്ങളേറെ ഞാൻ ചെയ്തു പോയി
കനിവാർന്ന് എന്നോട് പൊറുക്കേണമേ
ദിവ്യപ്രകാശമേ മാപ്പേകണേ...
പുണ്യമായ് എന്നെ നീ മാറ്റീടണേ...

നിത്യമാം സത്യമേ ആരാധന
പ്രാണന്റെ ഗേഹമേ ആരാധന
തിരുവോസ്തി രൂപനേ അലിവേകണേ...
തിരു രക്തത്താലെന്നെ കഴുകീടണേ...

എങ്ങും ഹാലേല്ലൂയ്യാ ഗീതം മാത്രം
ദൈവ മഹത്വ സ്തുതികൾ മാത്രം
പാരിന്റെ നാഥൻ പിറക്കയായി...
ഈ ഭൂമി ഇന്നിതാ ധന്യമായി...

[redacted]

യേശുവിൽ പ്രിയ വൈദികരേ, സന്യാസസഹോദരന്മാരേ, സഹോദരീമാരേ, പ്രിയമക്കളേ,

കേരള ലത്തീൻ കത്തോലിക്കാസഭ ഈ വരുന്ന ജനുവരി 14-ാം തീയതി ദൈവവിളി പ്രോത്സാഹന ഞായറായി ആചരിക്കുകയാണ്. നമ്മുടെ കുടുംബങ്ങളിൽ നിന്നും ധാരാളം കുട്ടികളും യുവതീയുവാക്കളും ദൈവത്തിന്റെ പ്രത്യേകവിളി സ്വീകരിച്ചുകൊണ്ട് പൗരോഹിത്യജീവിതവും സന്യാസസമർപ്പിതജീവിതവും തിരഞ്ഞെടുക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയും അവരെ അതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്യാം.

ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായ ജനക്കൂട്ടത്തെ കണ്ടപ്പോൾ അവരുടെമേൽ അനുകമ്പ തോന്നിയ യേശുനാഥൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു. “വിളവധികം, വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോട് പ്രാർഥിക്കുവിൻ”(മത്തായി 9, 36-38). സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ഇന്നും ധാരാളം വൈദികരെയും സന്യാസസമർപ്പിതരെയും സഭയ്ക്ക് ആവശ്യമുണ്ട്. അതിനുവേണ്ടി പ്രാർത്ഥിക്കുക എന്നതാണ് സഭയുടെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം.

സഭ തന്റെ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണ്. തന്റെ നാഥനിൽനിന്നും ലഭിച്ച കല്പനയനുസരിച്ച് സർവസൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കാൻ അവൾ വിളിക്കപ്പെട്ടിരിക്കുന്നു. “സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം” എന്നാണ് വിജാതീയരുടെ അപ്പസ്തോലനായ വി. പൗലോസ് പറയുന്നത്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾ 2000 വർഷങ്ങൾ പിന്നിട്ടെങ്കിലും സുവിശേഷം ഇന്നും എല്ലായിടത്തും എത്തിച്ചേർന്നിട്ടില്ല. യേശുവിന്റെ സുവിശേഷം ലോകം മുഴുവനും എത്തിക്കുകയെന്നത് ജ്ഞാനസ്നാനം സ്വീകരിച്ച ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. സുവിശേഷം പ്രഘോഷിക്കുവാനും രക്ഷാകരമായ കൂദാശകൾ പരികർമം ചെയ്യാനും സഭയുടെ മിഷൻ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാനും സമർപ്പിതരായ വൈദികരെയും സന്യസ്തരെയും കൂടാതെ സാധിക്കുകയില്ല.

കേരള ലത്തീൻസഭയുടെ പ്രേഷിതമുഖം കൂടുതൽ പ്രകാശിതമാക്കുവാൻ വേണ്ടി കഴിഞ്ഞ ഒക്ടോബർ 6, 7, 8 തീയതികളിൽ വല്ലാർപാടത്തുവച്ച് സംഘടിപ്പിച്ച മിഷൻകോൺഗ്രസ്സും ബിസിസി കൺവെൻഷനും ഒരു വലിയ വിജയമായിരുന്നു. അതിൽ പങ്കെടുത്ത ഓരോരുത്തരും തങ്ങളുടെ പ്രേഷിതദൗത്യത്തിന്റെ മാഹാത്മ്യം സ്വീകരിച്ചുകൊണ്ടാണ് സ്വഭവനങ്ങളിലേക്ക് തിരിച്ചുപോയത്. ആ ചൈതന്യം മങ്ങാതെ കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമാണ്. സ്വന്തം കുടുംബത്തിലും ബിസിസിയിലും ഇടവകയിലും രൂപതയിലും അങ്ങനെ കേരള ലത്തീൻസഭയിൽ മുഴുവനിലുമായി ഈ പ്രകാശം ആളികത്തുമ്പോൾ മാത്രമാണ് സഭയുടെ പ്രേഷിതമാനം നമുക്ക് ജീവിക്കുവാനും മറ്റുള്ളവർക്ക് അത് പകർന്നു

കൊടുക്കാനും സാധിക്കുന്നത്. പ്രേഷിതരംഗത്ത് വടക്കെ ഇന്ത്യയിലെ മിഷൻ രൂപതകളുമായുള്ള സഹകരണം മിഷൻ ചൈതന്യം വിശ്വാസികളുടെയിടയിൽ വളർത്തുവാൻ സഹായകമാകും.

വൈദികജീവിതത്തിലേക്കും സന്യാസസമർപ്പിത ജീവിതത്തിലേക്കുമുള്ള ദൈവവിളികൾ കുറഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ലോകത്തിന്റെ പ്രലോഭനങ്ങളെ അതിജീവിക്കത്തക്കവിധം ആദ്ധ്യാത്മികചൈതന്യം ഓരോ കുടുംബത്തിലും വളർത്തിയാൽ മാത്രമേ ദൈവത്തിന്റെ പ്രത്യേകവിളി തിരിച്ചറിയുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് കുടുംബാന്തരീക്ഷം പ്രാർത്ഥനാചൈതന്യത്തിലും ദൈവഭക്തിയിലും നാം വളർത്തിയെടുക്കണം. അതിനുള്ള വലിയ ഉത്തരവാദിത്വം പ്രധാനമായും മാതാപിതാക്കൾക്കാണ്. വൈദികജീവിതത്തോടും സന്യാസജീവിതത്തോടും താല്പര്യം കാണിക്കുന്ന കുട്ടികളെ അതിൽനിന്നും തടയാതിരിക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുക. കാരണം ഓരോ ദൈവവിളിയും ദൈവത്തിന്റെ ദാനമാണ്.

സഭയിൽ ധാരാളം ദൈവവിളികൾ ലഭിക്കുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ഓരോ ഇടവകയിലും ദൈവവിളികൾ തിരിച്ചറിയുന്നതിലും അവയെ പ്രോത്സാഹിപ്പിക്കുന്നതിലും ബഹു. വൈദികരും സന്യസ്തരും മതാദ്ധ്യാപകരും ബിസിസി ഭാരവാഹികളും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമിപ്പിക്കുന്നു. അതിനുവേണ്ടി താഴെ പറയുന്ന കാര്യങ്ങൾ സംഘടിപ്പിക്കുന്നത് വളരെ ഉചിതമായിരിക്കും.

1. കുട്ടികൾക്കും യുവതീയുവാക്കൾക്കും വേണ്ടി പ്രാർത്ഥനായോഗങ്ങൾ, ദിവ്യകാരുണ്യആരാധന, വചനശുശ്രൂഷ, സെമിനാറുകൾ, ചർച്ചാക്ലാസുകൾ മുതലയാവ സംഘടിപ്പിക്കുക.
2. രൂപതയിൽ പ്രവർത്തിക്കുന്ന ആതുരാലയങ്ങളും അഗതിമന്ദിരങ്ങളും സന്ദർശിച്ച് കുട്ടികളിൽ സഹാനുഭൂതി സൃഷ്ടിക്കുകയും സമർപ്പിതജീവിതത്തിന്റെ ശ്രേഷ്ഠത മനസ്സിലാക്കാൻ അവർക്ക് അവസരങ്ങൾ കൊടുക്കുകയും ചെയ്യുക.
3. ദൈവവിളിക്കുവേണ്ടിയുള്ള പ്രാർത്ഥന കുടുംബപ്രാർത്ഥനയിൽ അനുദിനം ഉൾപ്പെടുത്താൻ പ്രോത്സാഹിപ്പിക്കുക.

*ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!*

*സ്നേഹപൂർവ്വം*
*കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി*

**സൂസപാക്യം എം.**
*കെ.ആർ.എൽ.സി.സി അദ്ധ്യക്ഷൻ*
*തിരുവനന്തപുരം മെത്രാപ്പോലീത്ത*

**സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ**
*വിജയപുരം മെത്രാൻ*

**വർഗീസ് ചക്കാലക്കൽ**
*ദൈവവിളി കമ്മീഷൻ ചെയർമാൻ*
*കോഴിക്കോട് മെത്രാൻ*

# അമ്പത്തൊന്നാം ലോകസമാധാനദിനാചരണം
# ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം
# 1 ജനുവരി 2018

## *കുടിയേറ്റക്കാരും അഭയാർഥികളും: സമാധാനം തേടുന്ന സ്ത്രീപുരുഷന്മാർ*

### 1. ഹൃദയപൂർവകമായ സമാധാനാശംസ

ഭൂമിയിലെ എല്ലാ ജനതകൾക്കും എല്ലാ രാഷ്ട്രങ്ങൾക്കും സമാധാനം! ക്രിസ്തുമസ് രാത്രിയിൽ[1] മാലാഖ ആശംസിച്ച സമാധാനം എല്ലാവർക്കും അഗാധമായ പ്രചോദനമാണ് - ഓരോ വ്യക്തിക്കും എല്ലാ ജനതകൾക്കും പ്രത്യേകിച്ച്, അതിന്റെ അഭാവം ഏറ്റവും തീവ്രമായി സഹിക്കുന്നവർക്കും. ഞാൻ അവരെപ്പറ്റി സ്ഥിരം ഓർമ്മിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. അവരിൽ ലോകത്തെങ്ങുമുള്ള 250 മില്യൻ കുടിയേറ്റക്കാരുണ്ട്. അവരിൽത്തന്നെ 22.5 മില്യൻ അഭയാർഥികളാണ്. എന്റെ പ്രിയപ്പെട്ട മുൻഗാമിയായ ബനഡിക്റ്റ് 16-ാമൻ മാർപാപ്പാ അവരെക്കുറിച്ച് ഇങ്ങനെ പറഞ്ഞു: "സമാധാനത്തോടെ ജീവിക്കാനുള്ള ഒരിടം അന്വേഷിക്കുന്ന സ്ത്രീകളും പുരുഷന്മാരും യുവാക്കളും വൃദ്ധജനങ്ങളും[2] ആ സമാധാനം കണ്ടെത്താൻ, യാത്രയിൽ ജീവന്റെ അപകടസാധ്യത ഏറ്റെടുക്കാൻ, തയ്യാറാണ്. അവരുടെ യാത്ര സുദീർഘവും അപകടകരവുമാണ്. അവർ ക്ലേശങ്ങളും പീഡകളും സഹിക്കുന്നു. ലക്ഷ്യത്തിൽനിന്ന് അവരെ അകറ്റി നിറുത്തുന്ന വേലിക്കെട്ടുകളും മതിലുകളും അവർ കാണുന്നു.

പീഡനവും ദാരിദ്ര്യവും പരിസ്ഥിതി തകർച്ചയും മൂലം മാതൃദേശം വിട്ടുപോകുന്നവരെ സഹതാപത്തിന്റെ ചൈതന്യത്തോടെ നമുക്ക് ആശ്ലേഷിക്കണം."

മറ്റുള്ളവരുടെ സഹനത്തിനു നേരെ ഹൃദയം തുറക്കുന്നതു മാത്രം മതിയാവുകയില്ലെന്നു നമുക്കറിയാം. നമ്മുടെ സഹോദരീസഹോദരന്മാർക്ക് സുരക്ഷിത ഭവനത്തിൽ വീണ്ടും സമാധാനപൂർവം ജീവിക്കാൻ കഴിയുന്നതിനുമുമ്പ് നാം വളരെ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. മറ്റുള്ളവരെ സ്വാഗതം ചെയ്യുന്നതിനും വസ്തുനിഷ്ഠമായ സമർപ്പണം ആവശ്യമാണ്. സഹായത്തിന്റെയും സന്മനസിന്റെയും നെറ്റുവർക്ക് ആവശ്യമാണ്. സൂക്ഷ്മവും സഹതാപപൂർണവുമായ ശ്രദ്ധയും വേണം. സങ്കീർണവും നവീനവുമായ അസംഖ്യം ആധുനികപ്രശ്നങ്ങളെ ഉത്തരവാദിത്വപൂർവം കൈകാര്യം ചെയ്യണം. ഈ പ്രശ്നങ്ങളിൽ എപ്പോഴും പരിമിതമായിരിക്കുന്ന വിഭവങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലോ. അവരെ സ്വാഗതം ചെയ്യാനും വളർത്താനും സംരക്ഷിക്കാനും ഉദ്ഗ്രഥിക്കാനും പുതിയൊരു സമൂഹത്തിന്റെ ഭാഗങ്ങളാക്കിത്തീർക്കാനും രാഷ്ട്രീയനേതാക്കൾ വിവേകം എന്ന ഗുണം അഭ്യസിച്ചുകൊണ്ട് പ്രായോഗിക മാനങ്ങൾ സ്വീകരിക്കണം. "പൊതുനന്മയെക്കുറിച്ചുള്ള ശരിയായ ധാരണയുടെ പരിധിക്കുള്ളിൽനിന്ന് അങ്ങനെ ചെയ്യണം."[3] നേതാക്കന്മാർക്ക് അവരുടെ സമൂഹത്തെ സംബന്ധിച്ച് വ്യക്തമായ ഉത്തരവാദിത്വമുണ്ട്. അതിന്റെ നിയമാനുസൃതമായ അവകാശങ്ങളും

ഏകതാളമായ വികസനവും അവർ ഉറപ്പുവരുത്തണം - പണിയാൻ തുടങ്ങിയ ഗോപുരം പണിതീർക്കുന്നതിൽ പരാജയപ്പെടുന്ന വിഡ്ഢിയായ നിർമ്മാതാവിനെപ്പോലെയാകാതിരിക്കാൻ വേണ്ടിത്തന്നെ.[4]

**2. എന്തുകൊണ്ട് ഇത്രമാത്രം അഭയാർത്ഥികളും കുടിയേറ്റക്കാരും?**

മാലാഖമാർ ബേത്‌ലഹേമിൽ സമാധാനം പ്രഘോഷിച്ചിട്ട് രണ്ടായിരം വർഷമായപ്പോൾ നടത്തിയ മഹാജൂബിലിയെപ്പറ്റി ചിന്തിച്ചുകൊണ്ട് വിശുദ്ധ ജോൺപോൾ 2-ാമൻ ഒരു വസ്തുത ചൂണ്ടിക്കാണിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ സവിശേഷതയായിരിക്കുന്ന "യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും വംശഹത്യകളുടെയും വംശ നിർമാർജനത്തിന്റെയും അവസാനിക്കാത്തതും ഭീതിജനകവുമായ അനന്തരഫലങ്ങളിൽ ഒന്നാണ് വ്യക്തികളുടെ സ്ഥാനചലനത്തിനുള്ള കാരണ"[5]മെന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ഇന്നോളം പുതിയ നൂറ്റാണ്ട് അതിൽ നിന്നു മാറിയിട്ടില്ല. ആയുധങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള സംഘട്ടനങ്ങളും സംഘടിതമായ അക്രമത്തിന്റെ മറ്റു രൂപങ്ങളും രാഷ്ട്രങ്ങളുടെ അതിരുകളിലേക്കും അപ്പുറത്തേക്കും ജനങ്ങളെ ചലിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

ജനങ്ങൾ മറ്റു കാരണങ്ങളാലും കുടിയേറുന്നുണ്ട്. പ്രധാനമായും "അവർ കൂടുതൽ നല്ല ജീവിതം ആഗ്രഹിക്കുന്നതുകൊണ്ട് അങ്ങനെ ചെയ്യുന്നു". "വാഗ്ദാനമില്ലാത്ത ഭാവിയുടെ നിരാശയെ പിന്നിലാക്കാൻ വേണ്ടിയാണ് പലപ്പോഴും അങ്ങനെ ചെയ്യുന്നത്."[6] അവർ സ്വന്തം കുടുംബങ്ങളോടു ചേരാൻ വേണ്ടിയോ പ്രൊഫഷണലോ വിദ്യാഭ്യാസപരമോ ആയ സാഹചര്യങ്ങൾ അന്വേഷിച്ചുകൊണ്ടോ അങ്ങനെ ചെയ്യുന്നു. എന്തെന്നാൽ അതിനെല്ലാം അവകാശമുള്ളവർക്ക് സമാധാനത്തിൽ ജീവിക്കാൻ സാധിക്കുന്നില്ല. കൂടാതെ, *ലാവുദാത്തോസി* എന്ന ചാക്രികലേഖനത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ "പരിസ്ഥിതിപരമായ അധഃപതനം മൂലമുണ്ടാകുന്ന വർധിച്ചുവരുന്ന ദാരിദ്ര്യത്തിൽനിന്ന് ഓടിപ്പോകാൻ ശ്രമിക്കുന്ന ധാരാളം കുടിയേറ്റക്കാരുണ്ട്."[7]

മിക്കവരും ക്രമീകൃത മാർഗങ്ങളിലൂടെയാണ് കുടിയേറുന്നത്. എന്നാൽ ചിലർ വ്യത്യസ്തമാർഗങ്ങൾ സ്വീകരിക്കുന്നു. പ്രധാനമായും നിരാശകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അവരുടെ രാജ്യങ്ങൾ അവർക്ക് സുരക്ഷിതത്വമോ അവസരങ്ങളോ നല്കുന്നില്ല. നിയമപരമായ മാർഗങ്ങൾ അപ്രായോഗികമോ അടയ്ക്കപ്പെട്ടതോ അമിതമായ കാലതാമസം വരുത്തുന്നതോ ആണ്.

കുടിയേറ്റത്തിനു വിധേയമാകുന്ന അനേകരാഷ്ട്രങ്ങളിൽ കുടിയേറ്റം ദേശീയ സുരക്ഷിതത്വത്തിന് അപകടകരമാണെന്ന വാദം പരക്കുന്നു. പുതിയവരെ സ്വീകരിക്കൽ ഏറെ ചെലവുള്ള കാര്യമാണെന്നു വാദിക്കുന്നു. അങ്ങനെ ദൈവത്തിന്റെ പുത്രീപുത്രന്മാർക്ക് അവകാശപ്പെട്ട മഹത്ത്വത്തെ ഇല്ലാതാക്കുന്നു.[8]

ഭാവിയിൽ കുടിയേറ്റം തുടരുമെന്ന് അന്താരാഷ്ട്രസമൂഹത്തിനു ലഭ്യമായ എല്ലാ സൂചനകളും വ്യക്തമാക്കുന്നുണ്ട്. ചിലർ ഇതിനെ ഒരു ഭീഷണിയായി കരുതുന്നു. സമാധാനം സ്ഥാപിക്കാനുള്ള ഒരു സന്ദർഭമായി ആത്മവിശ്വാസത്തോടെ അതിനെ കാണാൻ ഞാൻ ആവശ്യപ്പെടുന്നു.

## 3. ധ്യാനാത്മകമായ നോട്ടത്തോടെ

വിശ്വാസത്തിന്റെ ജ്ഞാനം ധ്യാനാത്മകവീക്ഷണത്തെ വളർത്തുന്നു. അത് ഒരു വസ്തുത തിരിച്ചറിയുന്നു. അതായത് നമ്മൾ എല്ലാവരും "ഒറ്റക്കുടുംബത്തിലെ അംഗങ്ങളാണ്. കുടിയേറ്റക്കാരും അവരെ സ്വീകരിക്കുന്ന ജനതകളും ഒറ്റ കുടുംബത്തിലെ അംഗങ്ങളാണ്. നമ്മുടെ ലക്ഷ്യം സാർവത്രികമാണ്. സഭയുടെ സാമൂഹികപ്രബോധനം പഠിപ്പിക്കുന്നതുപോലെതന്നെ. ഇവിടെയാണ് ഐക്യദാർഢ്യവും പങ്കുവയ്ക്കലും സ്ഥാപിക്കപ്പെട്ടിരിക്കുന്നത്."[9] ഈ വാക്കുകൾ പുതിയ ജറുസലെമിനെ സംബന്ധിച്ച് ബൈബിളിൽ കാണുന്ന പ്രതിബിംബത്തെ ഉണർത്തുന്നു. ഏശയ്യാ പ്രവാചകന്റെ പുസ്തകവും (അധ്യായം 60) വെളിപാടിന്റെ പുസ്തകവും (അധ്യായം 21) ഒരു നഗരത്തെ വിവരിക്കുന്നു. അതിന്റെ കവാടങ്ങൾ എല്ലാ ദേശത്തെയും ജനതകൾക്കായി തുറന്നിട്ടിരിക്കുന്നു. അവർ അതുകണ്ട് വിസ്മയിക്കുകയും സമ്പന്നതകൾകൊണ്ട് അതിനെ നിറയ്ക്കുകയും ചെയ്യുന്നു. അതിനെ നയിക്കുന്ന പരമാധികാരി സമാധാനമാണ്. അതിനോടുള്ള സഹവർത്തിത്വത്തെ ഭരിക്കുന്ന തത്ത്വം നീതിയാണ്.

നാം ജീവിക്കുന്ന നഗരങ്ങളെയും ഈ ധ്യാനാത്മകവീക്ഷണത്തോടെ നാം നോക്കണം. അവരുടെ വീടുകളിലും തെരുവീഥികളിലും ചത്വരങ്ങളിലും ദൈവം വർത്തിക്കുന്നതായി കാണുന്ന വിശ്വാസത്തിന്റെ നോട്ടമാണത്. അവിടന്ന് ഐക്യദാർഢ്യത്തെയും സഹോദര്യത്തെയും നന്മയ്ക്കും സത്യത്തിനും നീതിക്കും വേണ്ടിയുള്ള ആഗ്രഹത്തെയും വളർത്തുന്നു."[10] മറ്റു വാക്കുകളിൽ പറഞ്ഞാൽ, സമാധാനവാഗ്ദാനത്തെ പൂർത്തീകരിക്കുന്നു.

ആ നോട്ടം കുടിയേറ്റക്കാരിലേക്കും അഭയാർഥികളിലേക്കും വ്യാപിപ്പിക്കുമ്പോൾ അവർ കൈയിൽ ഒന്നുമില്ലാതെയല്ല എത്തിച്ചേരുന്നതെന്ന് നാം കണ്ടെത്തും. അവർ ധീരതയും വൈദഗ്ധ്യവും ഊർജവും ആഗ്രഹങ്ങളും ഉള്ളവരാണ്. അതുപോലെ അവരുടെ സംസ്കാരങ്ങളുടെ നിക്ഷേപങ്ങളും അവരുടെ കൈയിലുണ്ട്. ഇങ്ങനെ അവർ അവരെ സ്വീകരിക്കുന്ന രാഷ്ട്രങ്ങളുടെ ജീവനെ സമ്പന്നമാക്കുന്നു. ലോകത്ത് എവിടെയും അസംഖ്യ വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും സർഗാത്മകതയും ആവേശവും ത്യാഗചൈതന്യവും കൂടി നമ്മൾ കാണുന്നുണ്ട്. അവർ കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും വേണ്ടി വാതിലുകളും ഹൃദയങ്ങളും തുറക്കുന്നു. വിഭവങ്ങൾ പരിമിതമായിരിക്കുന്നിടങ്ങളിലും നാം അതു കാണുന്നു

പൊതുനന്മയെ സംബന്ധിച്ച ഉത്തരവാദിത്വമുള്ളവരുടെ വിവേചനശക്തിയെയും ധ്യാനാത്മകമായ വീക്ഷണം നയിക്കണം. സ്വാഗതം ചെയ്യലിന്റെ നയം സ്വീകരിക്കുകയും വേണം. "പൊതുനന്മയെ സംബന്ധിച്ച ശരിയായ വീക്ഷണം അനുവദിക്കുന്ന പിരിധിക്കുള്ളിൽ അങ്ങനെ ചെയ്യണം."[11] മനുഷ്യകുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ആവശ്യങ്ങളും ഓരോ വ്യക്തിയുടെയും ക്ഷേമവും ഓർത്തുകൊണ്ട് അപ്രകാരം ചെയ്യണം.

പൊട്ടിമുളച്ചു വളർന്നുകൊണ്ടിരിക്കുന്ന സമാധാനത്തിന്റെ വിത്തുകളെ തിരിച്ചറിയാൻ ഇപ്രകാരം വസ്തുതകളെ നോക്കിക്കാണുന്നവർക്കു സാധിക്കും. കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും സാന്നിധ്യത്തെ സംബന്ധിച്ച് മിക്കപ്പോഴും വിഭജിക്കപ്പെടുകയും ധ്രുവീകരിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന നമ്മുടെ നഗരങ്ങൾ അങ്ങനെ സമാധാനത്തിന്റെ പണിപ്പുരകളായി മാറും.

## 4. പ്രവർത്തനത്തിനു നാല് മൈൽക്കല്ലുകൾ

അനാഥാലയം അന്വേഷിക്കുന്നവർക്കും അഭയാർത്ഥികൾക്കും കുടിയേറ്റക്കാർക്കും മനുഷ്യക്കടത്തിന് ഇരയായിട്ടുള്ളവർക്കും അവർ അന്വേഷിക്കുന്ന സമാധാനം കണ്ടെത്താൻ അവസരം നല്കുകയെന്നത് നാലു പ്രവൃത്തികൾ കൂടിച്ചേർന്ന കാര്യമാണ്: സ്വാഗതം ചെയ്യൽ, സംരക്ഷിക്കൽ, വളർത്തൽ, കൂട്ടിച്ചേർക്കൽ.[12]

നിയമപരമായ മാർഗങ്ങൾ വ്യാപിപ്പിക്കുകയെന്നത് "സ്വാഗതം ചെയ്യലിന്" ആവശ്യമാണ്. കുടിയേറ്റക്കാരെയും അന്യനാട്ടുകാരെയും പീഡനവും അക്രമവും നേരിടേണ്ടിവരുന്ന രാജ്യങ്ങളിലേക്ക് തള്ളിക്കളയാതിരിക്കുകയും വേണം. ദേശീയ സുരക്ഷിതത്വത്തെക്കുറിച്ചുള്ള നമ്മുടെ താത്പര്യം മാനുഷിക മൗലികാവകാശങ്ങളെക്കുറിച്ചുള്ള താത്പര്യത്തോടു തുല്യമായിരിക്കണം. വിശുദ്ധ ഗ്രന്ഥം നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു: "ആതിഥ്യ മര്യാദ മറക്കരുത്. അതുവഴി ദൈവദൂതന്മാരെ അറിയാതെ സത്കരിച്ചവരുണ്ട്."[13]

അഭയകേന്ദ്രവും സുരക്ഷിതത്വവും തേടി, യഥാർത്ഥ അപകടങ്ങളിൽ നിന്ന് ഓടിവരുന്നവരുടെ അലംഘ്യമായ മഹത്ത്വത്തെ അംഗീകരിക്കാനും സംരക്ഷിക്കാനും അവരെ ചൂഷണത്തിൽനിന്നു രക്ഷിക്കാനുമുള്ള കടമയെ സംബന്ധിച്ചതാണ് "സംരക്ഷിക്കൽ." അപകടസാധ്യതയുടെയും ദുരുപയോഗത്തിന്റെയും ഇരകളാകത്തക്ക സാഹചര്യത്തിലുള്ള സ്ത്രീകളെയും കുട്ടികളെയും കുറിച്ച് ഞാൻ പ്രത്യേകമായി ചിന്തിക്കുന്നു. അവരുടെ അവസ്ഥ അടിമത്തത്തിനു തുല്യംപോലുമാണ്. "കർത്താവ് പരദേശികളെ പരിപാലിക്കുന്നു. വിധവകളെയും അനാഥരെയും സംരക്ഷിക്കുന്നു."[14]

കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും സംപൂർണമായ മാനുഷിക വികസനത്തെ പിന്താങ്ങുകയെന്നതാണ് "വളർത്തൽ." അങ്ങനെ ചെയ്യാൻ പല മാർഗങ്ങളുമുണ്ട്. കുട്ടികൾക്കും യുവജനത്തിനും എല്ലാ തലങ്ങളിലുമുള്ള വിദ്യാഭ്യാസം ലഭിക്കുമെന്ന് ഉറപ്പുവരുത്തണമെന്ന് ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അത് അവരെ സ്വന്തം കഴിവുകളെ തിരിച്ചറിയാനും വളർത്താനും സഹായിക്കും. മാത്രമല്ല, പരിത്യജിക്കലിന്റെയും എതിർപ്പിന്റെയും ചൈതന്യത്തിനു പകരം മറ്റുള്ളവരെ കണ്ടുമുട്ടാനും സംഭാഷണം നടത്താനുമുള്ള ചൈതന്യം അവർക്കുണ്ടാകും. ബൈബിൾ ഇങ്ങനെ പഠിപ്പിക്കുന്നു: ദൈവം "പരദേശിയെ സ്നേഹിക്കുന്നു. അവർക്ക് ആഹാരവും വസ്ത്രവും നല്കുന്നു. അതിനാൽ പരദേശിയെ സ്നേഹിക്കുക. ഈജിപ്തിൽ നിങ്ങൾ പരദേശികളായിരുന്നല്ലോ."[15]

അവസാനമായി "ഉദ്ഗ്രഥിക്കൽ" അഥവാ "കൂട്ടിച്ചർക്കൽ" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇതാണ്: സ്വാഗതം ചെയ്യുന്ന സമൂഹത്തിന്റെ ജീവിതത്തിൽ പൂർണമായി പങ്കുചേരാൻ അഭയാർത്ഥികളെയും കുടിയേറ്റക്കാരെയും അനുവദിക്കുക. പരസ്പരം സമ്പന്നമാക്കുന്ന ഒരു പ്രക്രിയയുടെ ഒരു ഭാഗമായിരിക്കണം അത്. പ്രാദേശിക സമൂഹത്തിന്റെ പൂർണമായ മാനുഷിക വികസനത്തിനു സേവനം ചെയ്യുന്നതിൽ ഫലപൂർണമായ സഹകരണവും ഉണ്ടാകണം. വിശുദ്ധ പൗലോസ് ശ്ലീഹാ ഇക്കാര്യം ഇങ്ങനെ വ്യക്തമാക്കുന്നു: "ഇനിമേൽ നിങ്ങൾ അന്യരോ പരദേശികളോ അല്ല. വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്."[16]

*(തുടർച്ച അടുത്ത ലക്കത്തിൽ)*

പെരുമ്പാവൂർ – മൂവാറ്റുപുഴ മേഖലയിലെ അയ്യായിരത്തോളം വരുന്ന ലത്തീൻ കത്തോലിക്കരായ അന്യസംസ്ഥാന തൊഴിലാളികൾക്ക് രൂപതയിലെ ഇടവകകളിൽ ആത്മീയ ശുശ്രൂഷ നൽകിവരുന്നുണ്ട്. ഈ തൊഴിലാളി സമൂഹത്തിന്റെ പ്രതിനിധികളുടെ സംഗമം വിമലഗിരി പാസ്റ്ററൽ സെന്ററിൽ രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. ജെയ് യേശു വിളികളോടെ തീർത്ഥയാത്രയായി എത്തിയ 300 ലധികം പ്രതിനിധികളെ വിമലഗിരി കത്തീഡ്രൽ കവാടത്തിൽ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിന്റെയും വൈദികരുടെയും നേതൃത്വത്തിൽ കത്തിച്ച മെഴുകുതിരി നൽകി സ്വീകരിച്ചു. തുടർന്ന് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഹിന്ദി ഭാഷയിൽ ആഘോഷമായ സമൂഹബലിയർപ്പിക്കപ്പെട്ടു. തുടർന്നു നടന്ന സ്വീകരണയോഗത്തിൽ പ്രവാസി സമൂഹത്തിന്റെ പ്രതിനിധികൾ വിശ്വാസാനുഭവങ്ങൾ പങ്കുവയ്ക്കുകയും പിതാവും വൈദികരുമൊത്തുള്ള സ്നേഹവിരുന്നിൽ പങ്കുചേരുകയും ചെയ്തു.



**റവ.ഫാ. ജസ്റ്റിൻ പിൻഹീറോ**
Ordination 18-12-1967
**(സുവർണജൂബിലി)**



**റവ.ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട്**
Ordination 28-12-1992
**(രജതജൂബിലി)**



**റവ.ഫാ. ക്ലീറ്റസ് കതിർപറമ്പിൽ**
Ordination 29-12-1992
**(രജതജൂബിലി)**

ഹാർദ്ദമായ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും
AD MULTOS ANNOS

# "സഭകളുടെ ഐക്യം സുവിശേഷ സാക്ഷാത്ക്കാരം"

## ആർച്ചുബിഷപ്പ് ബ്രാൻ ഫാരൽ (വത്തിക്കാൻ)



*കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ സി.സി.ബി.ഐ. യുടെ ആഭിമുഖ്യത്തിൽ നടന്ന ദേശീയ എക്യുമെനിക്കൽ സെമിനാർ വത്തിക്കാൻ സെക്രട്ടറി ബ്രാൻ ഫാരെൽ ഉദ്ഘാടനം ചെയ്യുന്നു.*

വിവിധ ക്രൈസ്തവ സഭകളുടെ ഒന്നിച്ചുവരവ് സംയുക്തമായ സുവിശേഷ സാക്ഷ്യവും ക്രിസ്തുനാഥന്റെ കല്പനകളുടെ സാക്ഷാത്ക്കാരവുമാണെന്ന് സഭകളുടെ ഐക്യത്തിനുവേണ്ടിയുള്ള വത്തിക്കാൻ പൊന്തിഫിക്കൽ കൗൺസിൽ സെക്രട്ടറി ആർച്ച് ബിഷപ്പ് ബ്രാൻ ഫാരെൽ പ്രസ്താവിച്ചു. വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ (CCBI) എക്യുമെനിക്കൽ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്ന ദ്വിദിന ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ആർച്ച് ബിഷപ്പ്. ആശയ വൈരുദ്ധ്യങ്ങളും വൈവിധ്യങ്ങളും അംഗീകരിച്ചു കൊണ്ടു തന്നെ ഒന്നിച്ചു നിന്ന് പ്രവർത്തിച്ച് യേശുനാഥന് സാക്ഷ്യം നൽകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 100 ഓളം പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തു. ഡൽഹി ആർച്ച് ബിഷപ്പ് ഡോ. അനിൽകുട്ടോ മുഖ്യപ്രഭാഷണം നടത്തി. വിജയപുരം ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ, പുനലൂർ ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ, ആർച്ച് ബിഷപ്പ് എമിരറ്റസ് വിൻസെന്റ് കൊൺസാസോ, ധർമ്മപുരി ബിഷപ്പ് ലോറൻസ് പയസ്സ്, നെല്ലൂർ ബിഷപ്പ് മോസസ് പ്രകാശം, വിജയവാഡ ബിഷപ്പ് രാജാറാവു, സി.എസ്.ഐ. ബിഷപ്പ് തോമസ് ഉമ്മൻ, പൗരസ്ത്യ ഓർത്തഡോക്സ് സഭകളുമായുള്ള സംവാദത്തിനുവേണ്ടിയുള്ള വത്തിക്കാൻ ഓഫീസ് സെക്രട്ടറി മോൺ. ഗബ്രിയേൽ കിക്ക് എന്നിവർ പ്രസംഗിച്ചു.

വിമലഗിരി കത്തീഡ്രലിൽ എല്ലാ ബിഷപ്പുമാരുടെ സഹകാർമ്മികത്വത്തിലും വത്തിക്കാൻ സെക്രട്ടറി ആർച്ച് ബിഷപ്പ് ബ്രാൻ ഫാരെൽ മുഖ്യകാർമ്മികനായും സമൂഹബലി അർപ്പിക്കപ്പെട്ടു. വിജയപുരം വികാരി ജനറാൾ മോൺ ജസ്റ്റിൻ മഠത്തിപ്പറമ്പിൽ, എപ്പിസ്കോപ്പൽ വികാരി മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ, റവ.ഫാ. ഫെലിക്സ് ദേവസ്യ പുറത്തേപ്പറമ്പിൽ, റവ.ഫാ. പ്രസാദ് തെരുവത്ത് ഒ.സി.ഡി., സി.സി.ബി.ഐ. കമ്മീഷൻ സെക്രട്ടറി ഫാ. ഗിൽബർട്ട് എന്നിവർ സംഘാടക ചുമതല നിർവഹിച്ചു.




## ജന്മദിനാശംസകൾ

01 Rev.Fr.Thomas Jophy Vallathumchira
06 Rev.Fr.Selvin A
07 Rev.Fr.Joseph Nedunilathu
09 Rev.Fr.Gregory Koottummel
12. Rev.Fr.Alex Kochatt
12 Msgr.Sebastian Poovathumkal
13 Rev.Fr.Ginson George Puthusseriyil
15 Rev.Fr.Thomas Thyparambil
17 Rev.Fr.Kuriakose Plathottam
25 Rev.Fr.Suresh A.
26. Rev.Fr.Sebastian Villukulam



ഡിസംബർ 3-ാം തീയതി വിമലഗിരി പാസ്റ്ററൽ സെന്ററിൽ ലത്തീൻ കത്തോലിക്കാ സമുദായ ദിനം അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു.

# കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ 14–ാമതു ജനറൽ അസംബ്ലി– ബാംഗ്ലൂർ

അഡ്വ. ഹെൻറി ജോൺ



*കേരളത്തിലെ ലത്തീൻ രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ അഭിവന്ദ്യ കർദ്ദിനാൾ ബസേലിയൂസ് ക്ലീമ്മീസ് ബാവായോടൊപ്പം*

ഭാരത സഭയുടെ പാസ്റ്ററൽ കൗൺസിൽ എന്നു വിശേഷിപ്പിക്കപ്പെടുന്ന കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയുടെ 14–ാമതു ജനറൽ അസംബ്ലി 2017 നവംബർ 17 മുതൽ 19 വരെ ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് പ്രൗഢഗംഭീരമായ ചടങ്ങുകളോടെ നടത്തപ്പെട്ടു. ഭാരതത്തിലെ എല്ലാ മെത്രാന്മാരും വൈദിക- സന്യസ്ത പ്രതിനിധികളും രൂപതാ പാസ്റ്ററൽ കൗൺസിലിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന അൽമായ പ്രതിനിധികളും, ദേശീയ സംഘടനാ കമ്മീഷൻ- സ്ഥാപന ഭാരവാഹികളും ഉൾപ്പെടുന്ന ഈ സമുന്നത സമിതി 1993–ൽ സി.ബി.സി.ഐ. (കാത്തലിക് ബിഷപ്പ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യ) സ്ഥാപിച്ചതാണ്. അൽമായർക്ക് ഭൂരിപക്ഷമുള്ള ഈ കൗൺസിലിന്റെ ദൗത്യം സഭയെയും രാജ്യത്തെയും സംബന്ധിച്ചുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് സഭയുടെ പ്രേഷിത ദൗത്യത്തിൽ പങ്കുചേരുക എന്നതാണ്. ഓരോ രണ്ടു വർഷം കൂടുമ്പോഴും സി.ബി.സി.ഐ. പ്ലീനറി അസംബ്ലി ചർച്ച ചെയ്യുന്ന വിഷയം തന്നെയാണ് കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയും ചർച്ച ചെയ്യുന്നതും അവിടെ ഉരുത്തിരിയുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സി.ബി.സി.ഐ. സമ്മേളനത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതും. കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയും രണ്ടു വർഷം കൂടുമ്പോഴാണ് ജനറൽ അസംബ്ലി സമ്മേളനം നടത്തുന്നത്.

ഈ വർഷം നടന്ന 14–ാമത് ജനറൽ അസംബ്ലി ചർച്ച ചെയ്ത വിഷയം “United in Diversity for a mission of mercy and witness” (വൈവിധ്യത്തിലും ഒന്നായി കാരുണ്യത്തിന്റെയും സാക്ഷ്യത്തിന്റെയും ദൗത്യനിർവ്വഹണം) എന്നതായിരുന്നു.

2017 നവംബർ 17 ന് വൈകുന്നേരം അർപ്പിക്കപ്പെട്ട ഉദ്ഘാടന ദിവ്യബലിയോടെയാണ് ഈ ത്രിദിന അസംബ്ലിക്ക് പ്രാരംഭമായത്.

ആതിഥേയ രൂപതയുടെ മെത്രാപ്പോലീത്താ അഭിവന്ദ്യ ബർണാർഡ് മോറസ് ആയിരുന്നു സമൂഹബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചതും സവിശേഷപ്രഘോഷണം നടത്തിയതും. ലത്തീൻ ക്രമത്തിൽ ഇംഗ്ലീഷ് ഭാഷയിലായിരുന്നു ദിവ്യപൂജാർപ്പണം. സി.സി.ഐ. സെക്രട്ടറി റവ.ഫാ. അലോഷ്യസ് എഫ്രേം രാജു അലക്സ് എല്ലാവർക്കും ഔദ്യോഗികമായ സ്വാഗതമാശംസിച്ചതിനെ തുടർന്ന് 6.30 ന് അസംബ്ലിയുടെ പ്രൗഢ ഗംഭീരമായ ഔപചാരിക ഉദ്ഘാടനം സീറോ- മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ദീപം തെളിച്ചുകൊണ്ട് നിർവ്വഹിച്ചു. സഭ സ്വഭാവത്താലെ പ്രേഷിതയാണ്. കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയ്ക്കു പ്രേഷിത സ്വഭാവം മാത്രമല്ല, അജപാലന സ്വഭാവം കൂടിയുണ്ടെന്ന് അഭിവന്ദ്യ കർദ്ദിനാൾ ആമുഖമായി പറഞ്ഞു. പല പരിണാമങ്ങളും കടന്ന് ഇപ്പോൾ സുവിശേഷവൽക്കരണത്തിന്റെ ഒരു പുതിയ ഘട്ടം എത്തിയിരിക്കുന്നു. നാം ദൈവ കരുണയുടെ സുവിശേഷ പ്രഘോഷകർ ആകണം എന്നതാണ് ആ പുതിയ വേർഷൻ. ഇന്നു നാം ചർച്ച ചെയ്യുന്നതും ഇതാണ്. പരി. പിതാവ് ഫ്രാൻസീസ് പാപ്പാ ദരിദ്രർക്കുവേണ്ടിയുള്ള ലോകദിനം പ്രഖ്യാപിച്ചുകൊണ്ട് ഊന്നൽ നൽകിയതും കാരുണ്യത്തിന്റെ പുതിയ സുവിശേഷവൽക്കരണം എന്നതിനാണ്. സുവിശേഷവൽക്കരണത്തിന്റെ ആധുനിക മാർഗ്ഗവും ഇതാണെന്ന് കർദ്ദിനാൾ ചൂണ്ടിക്കാട്ടി.

സി.ബി.സി.ഐ.യുടെയും സി.സി.ഐ.യുടെയും പ്രസിഡന്റായ അഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയുടെ രൂപീകരണവേളയിൽ അന്നത്തെ പ്രസിഡന്റായിരുന്ന അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് ഈ സമിതിയെ “Church in Council” എന്നു വിശേഷിപ്പിച്ചത് കർദ്ദിനാൾ ക്ലീമ്മീസ് ബാവ അനുസ്മരിച്ചു. ആദിമ സഭയിലെ കൗൺസിൽ ഇന്ന് ഈ വിധത്തിലാണ് തുടരുന്നത് എന്ന് അദ്ദേഹം സൂചിപ്പിക്കുകയും ചെയ്തു. ഈ സമിതി ഇന്ന് ചർച്ച ചെയ്യുന്ന വിഷയവും നമ്മുടെ നാഥനും കർത്താവുമായ യേശുനാഥൻ തന്നെ നൽകിയ വിഷയം തന്നെയാണ്. നമ്മുടെ ദൈവമായ യേശു ക്രിസ്തുവിൽ കാരുണ്യം മാംസം ധരിച്ചിട്ടുണ്ടല്ലോ. ഭാരതത്തിൽ ഇപ്പോഴും ക്രിസ്ത്യാനികൾ വെറും 2% ലധികം മാത്രമാണ്, എന്നാൽ എണ്ണത്തിലല്ല യഥാർത്ഥ കാര്യം. നമ്മുടെ ഏറ്റവും വലിയ ശക്തി നമ്മുടെ നാഥൻ തന്നെയാണ്. ന്യൂനപക്ഷമാണെങ്കിലും ആ ശക്തി ആർജ്ജിച്ചു കൊണ്ട് അവിടുത്തേക്കു സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുക എന്നതാകണം നമ്മുടെ ഉന്നം. നമ്മുടെ ചെയ്തികളെയും മാർഗ്ഗങ്ങളെയും പുനഃപരിശോധിക്കുക. വൈവിധ്യം വിഭജനമല്ല (Diversity is not division) വൈവിധ്യത്തിൽ ഒരു സൗന്ദര്യമുണ്ട്., എന്നാൽ ഒന്നിച്ചു നിന്ന് നിർവ്വഹിക്കേണ്ട ദൗത്യമാണ് നമുക്കുള്ളത് എന്നും അഭിവന്ദ്യ കർദ്ദിനാൾ കൂട്ടിച്ചേർത്തു.

തുടർന്ന് ബാംഗ്ലൂർ ആർച്ച് അഭിവന്ദ്യ ബർണാർഡ് മോറസ്സ് അനുഗ്രഹ പ്രഭാഷണം നടത്തി. ഹൈദരബാദ് ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. തുമ്മാബാല, ഗോവ-ഡാമൻ അതിരൂപതാദ്ധ്യക്ഷൻ മോസ്റ്റ്.റവ. ഡോ. ഫിലിപ്പ് നേരി ഫെറാവോ, സി.ബി.സി.ഐ. സെക്രട്ടറി ജനറൽ അഭിവന്ദ്യ തിയോഡോർ മസ്ക്രീനാസ്, ബിഷപ്പ് സെബാസ്റ്റ്യൻ എന്നിവരും വേദിയിൽ

സന്നിഹിതരായിരുന്നു. അത്താഴത്തിനുശേഷം സമ്മേളനത്തിന്റെ ക്രമീകരണങ്ങളും നടപടിക്രമങ്ങളും സെക്രട്ടറി റവ. ഫാ. രാജു അലക്സ് അംഗങ്ങൾക്കായി വിശദീകരിച്ചു നൽകി. തുടർന്ന് അംഗങ്ങളെല്ലാവരും അവർ പ്രതിനിധാനം ചെയ്യുന്ന രൂപതയെയും വഹിക്കുന്ന ഉത്തരവാദിത്വങ്ങളെയും സൂചിപ്പിച്ചുകൊണ്ട് സ്വയം പരിചയപ്പെടൽ നടത്തിയതിനുശേഷം ഒന്നാം ദിന പരിപാടികൾ സമാപിച്ചു.

നവംബർ 18 നു രാവിലെ സീറോ- മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയുടെ മുഖ്യകാർമ്മികത്വത്തിൽ സീറോ മലബാർ ക്രമത്തിലർപ്പിക്കപ്പെട്ട ദിവ്യബലിയോടെയാണ് രണ്ടാംദിന പരിപാടികൾ ആരംഭിച്ചത്. പിന്നീട് നടന്ന യോഗത്തിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞയ്ക്കു പ്രസിഡന്റ് അഭിവന്ദ്യ ക്ലീമീസ് കാതോലിക്കാ ബാവ നേതൃത്വം നൽകി.

ഈ സമ്മേളനത്തിന്റെ ചർച്ചാ വിഷയമായ “Diversity in unitry for a mission of mercy and witness” സംബന്ധിച്ചുള്ള മുഖ്യപ്രഭാഷണം നടത്തിയത് കേരള പോലീസ് ചീഫും ഡി.ജി.പി.യുമായിരുന്ന ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ്. ആയിരുന്നു. ഗോമൻ-ഡാമൻ ആർച്ച് ബിഷപ്പ് ഫിലിപ്പ് നേരി ഫെറൊവോ ഈ സെഷൻ മോഡറേറ്റു ചെയ്തു. വൈവിധ്യം പലതരത്തിലുണ്ട് എന്നും അത് ഭാരതത്തിലെ ഒരു യഥാർത്ഥ്യമാണെന്നും പ്രസ്താവിച്ചുകൊണ്ടാണ് ശ്രീ. ജേക്കബ് പുന്നൂസ് തന്റെ മുഖ്യപ്രഭാഷണത്തിനു തുടക്കം കുറിച്ചത്. എല്ലാ ഭരണകർത്താക്കളും പൊതുവെ സ്വീകരിക്കുന്ന നയം ഭിന്നിപ്പിച്ചു ഭരിക്കുക എന്നതാണെങ്കിലും കത്തോലിക്കാ സ്വീകരിക്കുന്ന നിലപാട് നേരെ മറിച്ചാണ്. ഒന്നിപ്പിച്ചു ഭരിക്കുക എന്നതാണ് ആ നയം. കാരണം സഭ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും സമത്വവും സാഹോദര്യവും സഹിഷ്ണതയുമാണ്. അടുത്തതായി അദ്ദേഹം ചൂണ്ടിക്കാണ്ടിയത് നാം രണ്ടു പ്രവണതകളെ സംബന്ധിച്ച് ബോധവാന്മാരാകണമെന്നതും അവയെ നിയന്ത്രിക്കണമെന്നതുമാണ്. ഒന്നാമത്തെത് നമ്മുടെ മനസ്സിൽ നിന്നു മറ്റു സംസ്കാരങ്ങളെ അകറ്റി നിർത്തുന്ന പ്രവണത. ഒരു സംസ്കാരത്തിനും കുത്തകാവകാശമില്ല. എല്ലാ സംസ്കാരങ്ങളെയും നാം ബഹുമാനിക്കുന്നു, ഉൾക്കൊള്ളുന്നു. രണ്ടാമത്തെത് ഭീകരവാദമാണ്. മതസ്വാതന്ത്ര്യം ഒരിക്കലും നിഷേധിക്കാനാവില്ല. വിശ്വാസത്തിന്റെ വെളിച്ചത്തിലും ശക്തിയിലും ഈ രണ്ടു പ്രവണതകളെയും തള്ളിക്കളയാൻ നമുക്കാവണം. ഇന്നു സഭ സഹിഷ്ണതയില്ലായമയുടെ പേരിലുള്ള ധാരാളം വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ ഈ വെല്ലുവിളികളെയും പ്രതിസന്ധികളെയും എതിർപ്പുകളെയും സന്ദർഭോചിതമായി നേരിടാൻ നമുക്കു കഴിയണം. അതിന് അൽമായ സമൂഹത്തിന് വളരെയധികം ചെയ്യുവാൻ കഴിയും. കാരണം സഭയുടെ ഏറ്റവും വലിയ വിഭവശേഷി സംഭരണി അൽമായരിലാണുള്ളത്. ഭാരതം ഒന്നിയിരിക്കുന്നതിന് നാം വൈവിധ്യത്തെ പ്രോത്സാഹിപ്പിക്കുന്നുവെന്നും ഭാരതത്തിലെ നാനാത്വത്തിന്റെ എല്ലാ ഭാഗങ്ങളും പൂർണ്ണമായ ഭാഗത്തിന്റെ നിലനില്പിനു അത്യാവശ്യഘടകങ്ങളാണെന്നും പ്രസ്താവിച്ചുകൊണ്ട് ശ്രീ. ജേക്കബ് പുന്നൂസ് തന്റെ പ്രഭാഷണം അവസാനിപ്പിച്ചു. മുഖ്യ പ്രഭാഷണത്തെ ആസ്പദമാക്കി നടന്ന ചർച്ചകൾക്കും വിശദീകരണങ്ങൾക്കും ശേഷം ഈ സെഷൻ അവസാനിച്ചു.

കൗൺസിൽ എക്സിക്യൂട്ടിവ് അംഗം ശ്രീഗിലർവേ വാസ് മുഖ്യപ്രഭാക്ഷകനു ഔദ്യോഗികമായ കൃതജ്ഞത രേഖപ്പെടുത്തുകയും അഭിവന്ദ്യ കർദ്ദിനാൾ ക്ലീമീസ് ബാവ ഉപഹാരം നൽകുകയും ചെയ്തു. മോഡറേറ്ററായിരുന്ന അഭിവന്ദ്യ ഫിലിപ്പ് നേരി പിതാവിന് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി ഉപഹാരം നൽകി.

മുഖ്യവിഷയത്തിന്റെ ദൈവശാസ്ത്രപരവും സഭാത്മകവുമായ മാനം എന്നതായിരുന്നു രണ്ടാം സെഷനിൽ അവതരിപ്പിക്കപ്പെട്ടത്. ആഗ്ര ആർച്ച് ബിഷപ്പ് ആൽബർട്ട് ഡിഡൂസ മോഡറേറ്റ് ചെയ്ത ഈ സെഷന്റെ അവതാരകൻ പൂന ബിഷപ്പ് അഭിവന്ദ്യ തോമസ് ഡാബ്രേ പിതാവായിരുന്നു. ഉച്ചഭക്ഷണത്തിനുശേഷം കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രാദേശിക കൗൺസിലുകൾ, സി.ബി.സി.ഐ. ഓഫീസുകളും സ്ഥാപനങ്ങളും എന്നിവയുടെ റിപ്പോർട്ടുകൾ അവതരിപ്പിക്കപ്പെട്ടു. സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് മെഡിക്കൽ സയൻസ്സസ്, വിദ്യാഭ്യാസം, എസ്.സി/എസ്.റ്റി പിന്നോക്ക വിഭാഗങ്ങൾ, വനിതകൾ, തൊഴിൽ, അൽമായർ, യുവജനം എന്നീ വിഭാഗങ്ങളുടെ റിപ്പോർട്ടുകൾ യഥാക്രമം റവ.ഫാ. യേശുദാസ്, റവ.ഫാ. ജോസഫ് മണിപ്പാടം, റവ.ഫാ. രാജ്, റവ.സി. താലിഷ, റവ.ഫാ. ജയ്സൺ വടശ്ശേരി, റവ.ഫാ. ഡഗ്ളസ്, ശ്രീ. സിജു അമ്പാട്ട് എന്നിവർ അവതരിപ്പിച്ചു. ഈ സെഷൻ മോഡറേറ്റു ചെയ്തത് സി.ബി.സി.ഐ. സെക്രട്ടറി ജനറൽ അഭിവന്ദ്യ തിയോഡോർ മസ്ക്രീനാസ് പിതാവായിരുന്നു.

## പുതിയ ഭാരവാഹികൾ

വൈകുന്നേരം 6ന് അടുത്ത 4 വർഷത്തേക്കുള്ള പുതിയഭാരവാഹികളുടെ തെരഞ്ഞെടുപ്പായിരുന്നു നടന്നത്. സി.ബി.സി.ഐ. ഡപ്യൂട്ടി സെക്രട്ടറി ജനറൽ മോൺ. ജോസഫ് ചിന്നയ്യൻ തെരഞ്ഞെടുപ്പിനു നേതൃത്വം നൽകി.

റവ.ഫാ. എ.ഇ. രാജു അലക്സ്- സെക്രട്ടറി, ഡോ. ആന്റോസ് ആന്റണി- വൈസ് പ്രസിഡന്റ്, ശ്രീമതി ക്ലാര ഫെർണാണ്ടസ്- വൈസ്പ്രസിഡന്റ് കേരള സഭയിൽ നിന്ന് ശ്രീമതി മേരി റജീന (തൃശ്ശൂർ), ഡോ. എം.എ. ജോസഫ് (കോഴിക്കോട്) എന്നിവർ എക്സിക്യൂട്ടീവ് അംഗങ്ങളായി.

സീറോ മലങ്കര റീത്തിൽ അഭിവന്ദ്യ കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയുടെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിച്ചുകൊണ്ടാണ് 3-ാം ദിന പരിപാടികൾ ആരംഭിച്ചത്. മുഖ്യവിഷയത്തിലുള്ള പാനൽ ചർച്ചകളാണ് ആദ്യമായി നടന്നത്. നാഗ്പൂർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ എബ്രഹാം വിരുതുകുളങ്ങര ഈ സെഷന്റെ മോഡറേറ്ററായിരുന്നു. സി.ബി.സി.ഐ. യുടെ വിദ്യാഭ്യാസ/സംസ്കാര ഓഫീസ് സെക്രട്ടറി റവ.ഫാ. ജോസഫ് മണിപ്പാടം, ആരോഗ്യകാര്യ ഓഫീസ് സെക്രട്ടറി റവ.ഫാ. മാത്യു പെരുമ്പിൽ, കർണ്ണാടക സംസ്ഥാന മുൻമന്ത്രിയും മുൻ ചീഫ് സെക്രട്ടറിയുമായ ശ്രീ. ജെ. അലക്സാണ്ടർ ഐ.പി.എസ്., സി.സി.ഐ. ഫൈനാൻസ് കമ്മിറ്റി ചെയർമാൻ ഡോ. ആന്റോസ് ആന്റണി, ശ്രീമതി ഗ്രേസ് റോസരി എന്നിവരായിരുന്നു പാനൽ ചർച്ചകൾക്ക് അവതരണങ്ങൾ നൽകിയത്.

തുടർന്ന് അംഗങ്ങളെല്ലാവരും ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചകൾ നടത്തി. അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ടുള്ള ഓപ്പൺ ഫോറവും നടത്തുകയുണ്ടായി. തുടർന്ന് ഉച്ചയ്ക്കുശേഷം സമ്മേളനത്തിൽ

ഉരുത്തിരിഞ്ഞ തീരുമാനങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച പ്രഖ്യാപനം വിശദമായ ചർച്ചകൾക്കുശേഷം അംഗീകരിക്കപ്പെട്ടു.

3 മണിക്കു നടന്ന സമാപന സമ്മേളത്തിന് സി.സി.ഐ. പ്രസിഡന്റ് അത്യുന്നത കർദ്ദിനാൾ മാർ ക്ലീമീസ് ബാവ അദ്ധ്യക്ഷനായിരുന്നു. ഈ സമ്മേളനത്തിൽ പങ്കെടുത്ത് ഇതിനെ വിജയിപ്പിച്ച എല്ലാവർക്കും അഭിവന്ദ്യ കർദ്ദിനാൾ കൃതജ്ഞത രേഖപ്പെടുത്തി. സി.ബി.സി.ഐ. സ്വീകരിക്കുന്ന വിവിധ നയങ്ങൾ റീജണൽ കൗൺസിലുകളും രൂപതകളും വഴിയാണ് നടപ്പിലാക്കുക എന്നും അതിനാൽ ബന്ധപ്പെട്ട രൂപതാംഗങ്ങൾ ഇതു മനസ്സിലിരുത്തണമെന്നും കർദ്ദിനാൾ ഉദ്ബോധിപ്പിച്ചു. റീജണൽ കൗൺസിലുകൾ സി.ബി.സി.ഐ. യുടെ കീഴിൽ 14 എണ്ണമാണുള്ളത്. ഇവ ശക്തിപ്പെട്ടാലേ സി.ബി.സി.ഐ. യും ശക്തിപ്പെടൂ. നമ്മുടെ തന്നെ കൂട്ടായ്മാ പ്രവർത്തനത്തിലൂടെ നമ്മുടെ കുറവുകളെ ശുദ്ധീകരിക്കാൻ കഴിയും എന്നു പ്രസ്താവിച്ചുകൊണ്ട് കർദ്ദിനാൾ തന്റെ സന്ദേശം അവസാനിപ്പിച്ചു. കലാവധി പൂർത്തിയാക്കിയ വൈസ് പ്രസിഡന്റുമാർക്ക് കർദ്ദിനാൾ ഉപഹാരങ്ങൾ നല്കി. സി.ബി.സി.ഐ. വൈസ് പ്രസിഡന്റും ഗോവ-ഡാമൻ ആർച്ച് ബിഷപ്പുമായ അഭിവന്ദ്യ ഫിലിപ്പ് നേരി കർദ്ദിനാൾ ക്ലീമീസ് ബാവായ്ക്ക് ഉപഹാരം നൽകി. വൈസ് പ്രസിഡന്റ് ശ്രീമതി മേരി റജീനാ നടത്തിയ ഔദ്യോഗിക കൃതജ്ഞതാ പ്രകാശനത്തോടെയും ദേശീയ ഗാനാലാപനത്തോടെയും 14-ാമത് ജനറൽ അസംബ്ലിക്കു പരിസമാപ്തിയായി.

## ക്രമീകരണങ്ങൾക്ക് ഉന്നതനിലവാരം

ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജ്/ നാഷണൽ അക്കാദമിയുടെ പ്രൗഢഗംഭീരമായ സെന്റ് ജോൺ പോൾ രണ്ടാമൻ പാപ്പായുടെ നാമധേയത്തിലുള്ള ആഡിറ്റോറിയത്തിലാണ് സി.സി.ഐ. 14-ാമതു ജനറൽ അസംബ്ലി സമ്മേളനങ്ങൾ നടന്നത്. ഈ ആഡിറ്റോറിയത്തിലാണ് ഭാരത മെത്രാൻ സമിതികളായ സി.ബി.സി.ഐ.യുടെയും സി.സി.ബി.ഐ.യുടെയും സമ്മേളനങ്ങളും നടത്താറുള്ളത്. ശീതികരിച്ചതും തട്ടുകളായി സജ്ജീകരിച്ചതും അംഗങ്ങൾക്കുമുമ്പിൽ മൈക്കു ക്രമീകരണങ്ങളുള്ളതുമായ മനോഹരമായ ആഡിറ്റോറിയം ഏവർക്കും സന്തോഷപ്രദവും അഭിമാനകരമായും അനുഭവപ്പെട്ടു. ദിവ്യബലിയർപ്പണം നടന്ന സെന്റ് ജോൺസ് നഴ്സിംഗ് ഓഡിറ്റോറിയവും ഉയർന്ന നിലവാരത്തിലുള്ളതായിരുന്നു. ഭക്ഷണ ക്രമീകരണങ്ങളും അംഗങ്ങളുടെ താമസ സൗകര്യങ്ങളും പ്രത്യേകം പ്രശംസയർപ്പിക്കുന്നു. ഭാരത സഭയുടെ ഈ മഹത്തായ കേന്ദ്രത്തിൽ വച്ച് 14-ാമത് ജനറൽ അസംബ്ലി നടത്തപ്പെട്ടത് അംഗങ്ങളിൽ അഭിമാനബോധം വളർത്തി. സെന്റ് ജോൺസ് അക്കാദമി ഡയറക്ടറച്ചന്റെ നേതൃത്വത്തിലുള്ള ആതിഥേയസംഘവും ലോക്കൽ ഓർഗനൈസിംഗ് കമ്മിറ്റിയും സംഘാടക ചുമതല പ്രസംശനീയാംവിധം നിർവഹിച്ചു.

നമ്മുടെ രൂപതയിൽ നിന്ന് അഡ്വ. ഹെൻറി ജോൺ (കോട്ടയം നല്ലയിടയൻ), ശ്രീമതി സ്മിതാ ബിജോയ് (സെന്റ് സേവ്യേഴ്സ്, കാഞ്ഞിരപ്പാറ)എന്നിവരും കെ.ആർ.എൽ.സി.സി. വൈദിക പ്രതിനിധി എന്ന നിലയിൽ ചാൻസലർ മോൺ ജോസ് നവസ്സും അസംബ്ലിയിൽ പങ്കെടുത്തു.

# ഇടവക വാർത്തകൾ

## ക്വയർ മത്സരം: വെട്ടിമുകൾ ഇടവക വീണ്ടും ജേതാക്കൾ



ആർച്ച് ബിഷപ്പ് കൊർണേലിയൂസ് ഇലഞ്ഞിക്കലിന്റെ സ്മരണാർത്ഥം രൂപത നടത്തിയ ആറാമത് ദൈവാലയ സംഗീത മത്സരത്തിൽ വെട്ടിമുകൾ സെന്റ് പോൾസ് ഇടവക അഞ്ചാം തവണയും ഒന്നാംസ്ഥാനം നേടി. ചങ്ങനാശേരി മേരി മൗണ്ട് ഇടവക ഒന്നാം റണ്ണർ അപ്പും കോട്ടയം നല്ല ഇടയൻ ഇടവക രണ്ടാം റണ്ണർ അപ്പുമായി. ബിഷപ്പ് പീറ്റർ തുരുത്തിക്കോണം മെമ്മോറിയൽ പ്രസംഗ മത്സരത്തിൽ കട്ടപ്പന ചപ്പാത്ത് സെന്റ് ആന്റണീസ് ഇടവകയിലെ അനീറ്റ പി. സ്റ്റാലിൻ ഒന്നാംസ്ഥാനവും പൊടിമറ്റം സെന്റ് ജോസഫ്സ് ഇടവകയിലെ ടെസിമോൾ ബെന്നി രണ്ടാം സ്ഥാനവും ചങ്ങനാശ്ശേരി മേരി മൗണ്ട് ഇടവകയിലെ ആൻ മേരി ബർണാഡ് മൂന്നാംസ്ഥാനവും കരസ്ഥമാക്കി. ഇതോടനുബന്ധിച്ച് കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ നടന്ന സമ്മേളനത്തിൽ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ് മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപറമ്പിൽ അദ്ധ്യക്ഷനായിരുന്നു. ചാൻസലർ മോൺ. ജോസ് നവസ്, കെ.ആർ.എൽ.സി.സി. സെക്രട്ടറി ശ്രീമതി സ്മിതാ ബിജോയ്, പി.ആർ.ഒ. ശ്രീ. ഹെൻറി ജോൺ, സിസ്റ്റർ ജെനിൻ സി.എസ്.എസ്.ടി. എന്നിവർ പ്രസംഗിച്ചു.

## മിഷൻ തീക്ഷ്ണതയ്ക്ക് ഉദാത്ത മാതൃക

മിഷൻ പ്രവർത്തനങ്ങൾക്കു പരമ്പരാഗതമായി ഇടവകകൾ നൽകുന്ന പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് അനിതര സാധാരണമായ ഒരു മാതൃക ഇതാ നമുക്കു മുന്നിൽ. പാലായിലെ പള്ളി പരിസരങ്ങളിൽ ഭിക്ഷയാചിച്ച് ജീവസന്ധാരണം തേടുന്ന പീറ്റർ എന്ന വ്യക്തിയാണ് മിഷൻ പ്രവർത്തനങ്ങൾക്കായി തനിക്ക് ഭിക്ഷയായി ലഭിച്ച 1560 രൂപ സ്നേഹപൂർവ്വം വികാരിയച്ചനു നൽകിയത്. 80 വയസ്സുള്ള ശ്രീ. പീറ്റർ ഭിക്ഷയാചിച്ചാണ് കുടുംബാംഗങ്ങളുടെ ചെലവുകൾക്കുള്ള പണം കണ്ടെത്തുന്നത്. പാവപ്പെട്ടവനായ ഭിക്ഷുവിനും മിഷൻ തീക്ഷ്ണതയുടെ ഉദാത്ത മാതൃക നൽകുവാൻ കഴിഞ്ഞത് ഏറെ പ്രചോദനാത്മകമാണ്.

രൂപതാദിനത്തോടനുബന്ധിച്ച് വിമലഗിരി തിരുനാൾ സമാപനത്തിൽ കത്തീഡ്രൽ ഗായക സംഘം ലീഡർ ശ്രീ. തോമസ് വില്യംസിനെ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് ആദരിച്ചു. ഗാനഭൂഷണം ബിരുദധാരിയായ ശ്രീ വില്യംസ് അമേരിക്കയിലെ ഫൊക്കാന അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുള്ള ഗായകനാണ്. കലാഭവൻ,, ഹരിശ്രീ, ഏഞ്ചൽ വോയ്സ്, കലാസദൻ, സരിഗ എന്നീ ഗ്രൂപ്പുകളിൽ ഗായകനായിരുന്നു. അമേരിക്ക, കാനഡ തുടങ്ങിയ രാജ്യങ്ങളിൽ സുപ്രസിദ്ധ ഗായിക പി. സുശീലയോടൊപ്പം ഗാനമേളകൾ അവതരിപ്പിച്ചിട്ടുണ്ട്. ആകാശവാണിയിലും ഗായകനാ യിരുന്ന ശ്രീ. തോമസ് വില്യംസ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ കോട്ടയം സന്ദർശനവേളയിൽ അർപ്പിച്ച ദിവ്യബലിയിലെ ഗായക സംഘാംഗവുമായിരുന്നു. കേരള ലത്തീൻ മെത്രാൻ സമതിയുടെ ലിറ്റർജി കമ്മീഷനിലെ ഏക അൽമായ അംഗമായ ശ്രീ. തോമസ് വില്യംസ് കോട്ടയം നല്ല ഇടയൻ ഇടവകാംഗമാണ്.





ഓർച്ചാർഡ് സ്കോളർഷിപ്പിന്
സംസ്ഥാന തലത്തിൽ സർട്ടിഫിക്കേറ്റും ക്യാഷ്
അവാർഡും 5-ാം സ്ഥാനവും കരസ്ഥമാക്കിയ

**ആരോൺ പി. വിപിൻ, പൈനിമറ്റം.**

കോട്ടയം നല്ലയിടയൻ ഇടവകാംഗമാണ്.

***ഹാർദ്ദമായ അഭിനന്ദനങ്ങൾ.***

നമ്മുടെ രൂപതാംഗമായ അഡ്വ. ഹെൻറി ജോൺ കുരിശുങ്കൽ (കോട്ടയം നല്ലയിടയൻ ഇടവക) കേരള കാത്തലിക് കൗൺസിലിന്റെ എക്സിക്യൂട്ടീവ് അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. കേരള കത്തോലിക്കാസഭയുടെ പാസ്റ്ററൽ കൗൺസിൽ (അജപാലന സമിതി) ആയ കെ.സി.സി.യുടെ ഇക്കഴിഞ്ഞ 5 നു നടന്ന ജനറൽ ബോഡിയോഗമാണ് ഭാരവാഹികളെ തെരഞ്ഞെടുത്തത്. സെക്രട്ടറിയായി അഡ്വ. ജോജി ചിറയിൽ (ചങ്ങനാശേരി) വൈസ് പ്രസിഡന്റായി പ്രൊഫ. എസ്. റയ്മൺ (തിരുവനന്തപുരം ലത്തീൻ) എന്നിവരും തെരഞ്ഞെടുക്കപ്പെട്ടവരിൽ പെടുന്നു.

## ലോകദരിദ്രരുടെ ദിനാചരണം പൊതി പള്ളിയിൽ



## മുണ്ടക്കയം മേഖല മതബോധന കമ്മിറ്റി മീറ്റിംഗ്



*3 വർഷക്കാലം മേഖല ഡയറക്ടറായി സേവനം ചെയ്ത പഴവക്കാട്ടിലച്ചന് ഹൃദ്യമായ യാത്രയയപ്പും പുതിയതായി നിയമിതനായ നിയുക്ത മേഖല ഡയറക്ടർ ഫാ. ജോർജ്ജ് കളിയിക്കലച്ചന് സ്വീകരണവും നൽകി.*



*അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ട രൂപതയുടെ എഫ്.എസ്.എം സംഗമം*

# അഖണ്ഡ ബൈബിൾ പാരായണം

**സെന്റ് മേരീസ് ദൈവാലയം, വടവാതൂർ**

സെന്റ് മേരീസ് ദൈവാലയത്തിൽ അഖണ്ഡ ബൈബിൾ പാരായണം നടത്തി. 2017 ഡിസംബർ 3-ാം തീയതി മുതൽ 7-ാം തീയതി വരെ തുടർച്ചയായി രാവും പകലുമായി 103 മണിക്കൂർ കൊണ്ടാണ് ഉല്പത്തി മുതൽ വെളിപാടുവരെയുള്ള പുസ്തകങ്ങൾ പരായണം ചെയ്തത്. 3-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് ആരംഭിച്ച പാരായണം 7-ാം തീയതി വൈകുന്നേരം 7 മണിക്ക് സമാപിച്ചു. സ്പാനിഷ്, ഫ്രെഞ്ച്, ലാറ്റിൻ, ഇറ്റാലിയൻ, ഒറിയ, തെലുങ്ക്, തമിഴ്, ഹിന്ദി, മലയാളം തുടങ്ങിയ ഭാഷകളിൽ ബൈബിൾ വായിച്ചു. വികാരി ഫാ. തോമസ് സജി കുന്നപ്പിള്ളി ഒ.എസ്.ജെ. ഉദ്ഘാടനം ചെയ്തു. ഓറസ്റ്റ് ഭവൻ കൗൺസിലർ ഫാ. ബിനു സമാപന സന്ദേശം നല്കി. സഹവികാരി ഫാ. റിനോയി കാച്ചപ്പിള്ളി ഒ.എസ്.ജെ. സെക്രട്ടറി ബാബു ചെങ്ങാലിമറ്റം, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ മനോജ് വി. പോൾ, പരിപാലനഭവൻ സുപ്പീരിയൽ റവ.സിസ്റ്റർ വത്സമ്മ പൊൻമലക്കുന്നേൽ, വിവിധ സംഘടനാ നേതാക്കളായ മരിയൻ നിഥിൻ, സൂസമ്മ വിജയൻ, ലാലി പൗലോസ്, ടോം പോൾ എന്നിവർ നേതൃത്വം നല്കി.



ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പെരുമ്പാവൂർ സെന്റ് ജോർജ്ജ് ദൈവാലയത്തിൽ ഹിന്ദി ഭാഷയിൽ ദിവ്യബലി അർപ്പിക്കുന്നു.

## ദരിദ്ര ദിനാചരണം – ഏന്തയാർ സെന്റ് ജോസഫ്സ് ഇടവക





തെള്ളകം ഹോളിക്രോസ് കോൺവെന്റിൽ നടന്ന റവ.സി.മേരി SCC യുടെ വ്രതവാഗ്ദാന സുവർണ്ണ ജൂബിലി ആഘോഷം



ഓഖി ദുരന്തത്തിൽപ്പെട്ടവരുടെ കുടുംബങ്ങൾക്കുവേണ്ടി വൈദികരുടെ ത്രൈമാസ സമ്മേളനത്തിൽ നടത്തിയ പ്രാർത്ഥന

# സംഘടനാ വാർത്തകൾ

## കെ.എൽ.സി.എ. രൂപത സമുദായ ദിനാഘോഷം



ചങ്ങനാശ്ശേരി മേരിമൗണ്ട് റോമൻ കത്തോലിക്കാ ദേവാലയത്തിൽ ഡിസംബർ 10 –ാം തീയതി രൂപതാ കെ.എൽ.സി.എ.യുടെ ആഭിമുഖ്യത്തിൽ ലത്തീൻ സമുദായ ദിനം ആഘോഷിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി ഏകദേശം ആയിരത്തിൽപരം ആളുകൾ റാലിയിലും സമ്മേളനത്തിലും പങ്കെടുത്തു.

ചങ്ങനാശ്ശേരി മുൻസിപ്പൽ ജംഗ്ഷനിൽ നിന്ന് ആരംഭിച്ച റാലി രൂപതാ ചാൻസലറും കെ.എൽ.സിഎ സംസ്ഥാനഡയറക്ടറുമായ മോൺ. ജോസ് നവസ് ഫ്ളാഗ് ഓഫ് ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ടോം ജോസ്, രൂപതാ പ്രസിഡന്റ് ജോസഫ് സെബാസ്റ്റ്യൻ, സംസ്ഥാന വൈസ്പ്രസിഡന്റ് എബികുന്നേപ്പറമ്പിൽ, രൂപതാ ട്രഷറർ ഷിജോബാബു പുളിമൂട്ടിൽ, വർക്കിംഗ് സെക്രട്ടറി പൂവം ബേബി, മിനിഷാജി എന്നിവർ നേതൃത്വം നൽകി. റാലിയെതുടർന്ന് ബിഷപ്പ് പീറ്റർ തുരുത്തിക്കോണം നഗറിൽ ആരംഭിച്ച സമ്മേളനം ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം. എൽ.എ ഉദ്ഘാടനം ചെയ്തു. ഓഖി ദുരന്തത്തിൽ പെട്ടവർക്കും അവരുടെ ആശ്രിതർക്കുംവേണ്ട സഹായങ്ങൾ അടിയന്തിരമായി സർക്കാർ നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. രൂപതാ പ്രസിഡന്റ് ജോസഫ് സെബാസ്റ്റ്യൻ സമ്മേളനത്തിൽ സ്വാഗതം ആശംസിച്ചു. ഓഖി ദുരന്തത്തിൽ അകപ്പെട്ടവരോട് പ്രഖ്യാപിച്ചുകൊണ്ട് രൂപതാ ഡയറക്ടർ ഫാ. ടോം ജോസ് ഐക്യദാർഢ്യം പ്രമേയം അവതരിപ്പിച്ചു. സംസ്ഥാന അദ്ധ്യക്ഷൻ ശ്രീ. ആന്റണി നൊറോണ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

വിജയപുരം രൂപത വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിൽപറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. കടലിന്റെ മക്കൾ അനുഭവിക്കുന്ന ക്ലേശങ്ങളെപ്പറ്റി കെ. ആർ.എൽ.സി.സി വൈസ് പ്രസിഡന്റും സമുദായവ്യക്താവുമായ ശ്രീ. ഷാജി ജോർജ്ജ് വിവരിച്ചു. കെ.എൽ.സി.എ തിരുവല്ല മേഖല ഡയറക്ടറും രൂപത ലെയ്റ്റി കമ്മീഷൻ ഡയറക്ടറുമായ ഫാ. ഡൊമനിക്ക് സാവിയോ, കെ.ആർ.എൽ.സി.സി സെക്രട്ടറി സ്മിതാ ബിജോയ്, കെ.എൽ.സി.എ സംസ്ഥാന വൈസ് പ്രസിഡന്റ് എബി കുന്നേപ്പറമ്പിൽ, ചങ്ങനാശ്ശേരി നഗരസഭാംഗം ജി സുഗതൻ, ഫാ. അഗസ്റ്റിൻ കല്ലറക്കൽ, ഷിജോ ബാബു, പൂവം ബേബി എന്നിവർ ആശംസകൾ അർപ്പിച്ചു. സമ്മേളനത്തിൽ ശ്രീ ജസ്റ്റിൻ ബ്രൂസ് മാസ്റ്റർ ഓഫ് സെറിമണിയായിരുന്നു. ചങ്ങനാശ്ശേരി മേരിമൗണ്ട് ചർച്ച് യൂണിറ്റ് പ്രസിഡന്റ് ശ്രീ ബർണാഡ് ലോബോ സമ്മേളനത്തിന് കൃതഞ്ജത അർപ്പിച്ചു. മേരിമൗണ്ട് ചർച്ച് ക്വയർ അവതരിപ്പിച്ച പാപ്പാ മംഗളഗാനത്തോടെ യോഗം സമാപിച്ചു.

## കോട്ടയം നല്ലയിടയൻ



ഡിസംബർ 3-ാം തീയതി സമുദായദിനാചരണത്തോടനുബന്ധിച്ച് കോട്ടയം നല്ലയിടയൻ ഇടവകയിൽ വികാരി റവ.ഫാ. ബേസിൽ പാദുവാ ഒ.സി.ഡി. പതാക ഉയർത്തുന്നു.

| | |
|---|---|
| 01 | (1974) Rev.Fr. Louis Angel OCD |
| 06 | (1949) Rev.Fr. Tarcisius OCD |
| 06 | (1961)Rev.Fr.Blas OCD |
| 06 | (2001)Rev.Fr.George Manakil |
| 09 | (1979) Rev.Fr.Marian OCD |
| 10 | (1982) Bishop Ambrose Abasolo OCD |
| 12 | (2008) Rev.Fr.Joseph Manimala |
| 17 | (1993) Rev.Fr.Antony Vazhappilly |
| 18 | (1993) Rev.Fr.Peter Tharayil |
| 19 | (1945) Rev.Fr.Joseph Kanakassery |
| 20 | (1995) Rev.Fr.athew Poyyathuruthy |
| 21 | (2008) Rev.Fr.Jerome Manakkil |
| 22 | (1952) Rev.Fr.John Emmanuel OCD |
| 23 | (1992) Rev.Fr.Kurian Puthen Bengalau |
| 28 | (1989) Rev.Fr.George Kalathil |

# വീ–ഷെയർ ഗുണഭോക്തൃ സംഗമം



വീ-ഷെയർ പട്ടിത്താനം മേഖലാ സംഗമത്തിൽ സി.സൂസൻ സംസാരിക്കുന്നു. ഫാ. ജോസഫ് കാനപ്പിള്ളി, ഫാ. ഫെലിക്സ് ദേവസ്യ, മൈക്കിൾ ഡിക്രൂസ് എന്നിവർ സമീപം

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കുടുംബക്ഷേമ പദ്ധതികളിലൊന്നായ വീ-ഷെയർ (ഠല വെമൃല) പദ്ധതിയുടെ ഗുണഭോക്തൃ സംഗമം കോട്ടയം,പട്ടിത്താനം, തിരുവല്ല മേഖലകളിൽ നടന്നു. പദ്ധതി നടത്തിപ്പ്, അംഗങ്ങൾ ഏർപ്പെട്ടിരിക്കുന്ന വിവിധ തൊഴിൽ സംരംഭങ്ങൾ എന്നിവ ചർച്ച ചെയ്തു. വ്യക്തി എന്ന നിലയിൽ ഈ പദ്ധതി തങ്ങൾക്ക് എപ്രകാരം പ്രയോജനപ്പെട്ടു എന്നതിന്റെ നേരനുഭവം അംഗങ്ങളിൽ ചിലർ പങ്കുവെച്ചു. വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ, അസി.ഡയറക്ടർ ഫാ. ഫെലിക്സ് ദേവസ്യ, പുറത്തേപ്പറമ്പിൽ എന്നിവർ അംഗങ്ങളുമായി ആശയവിനിമയം നടത്തുകയും ക്രിസ്മസ് ആശംസകൾ നൽകുകയും ചെയ്തു. ദൈവസ്നേഹം ലഭിച്ചവരാണ് ഗുണഭോക്താക്കൾ വെറുമൊരു സാമ്പത്തികസഹായം എന്നതിലുപരി ദൈവസ്നേഹം പങ്കുവെയ്ക്കാനുള്ള ഒരു അവസരമായി ഇത് മാറണം. ഇതിനായി വി.എസ്.എസ്.എസിനോടും, ഇടവകയോടും, രൂപതയോടും പ്രതിബദ്ധതയോടെ ചേർന്ന് പ്രവർത്തിക്കുന്നവരാകണം. കുടുംബസമീക്ഷ (എമാശഹ്യ യൗറഴലേ) തയ്യാറാക്കി ജീവിതം ക്രമപ്പെടുത്തി വളർച്ചയിലേയ്ക്ക് മാറണം ബഹു. ഡെന്നീസച്ചൻ തന്റെ സന്ദേശത്തിൽ പറഞ്ഞു. ഗുണഭോക്താക്കൾ ഉപകാരികൾക്ക് നല്കുന്ന കത്തുകൾ നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തു തന്നെ ഓഫീസിലെത്തിക്കേണ്ടതാണെന്നും, വരുമാന വർദ്ധക സംരംഭങ്ങൾ ആരംഭിക്കണമെന്നും ബഹു. ഫെലിക്സച്ചൻ ഓർമ്മിപ്പിച്ചു. ഫാ. ജോസഫ് കാനപ്പിള്ളി പട്ടിത്താനം മേഖലാ സംഗമത്തിൽ സന്നിഹിതനായിരുന്നു. ബഹു. വൈദികർ, മേഖലാ സെക്രട്ടറിമാർ, ആനിമേറ്റർമാർ എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട സംഗമത്തിൽ വി.എസ്.എസ്.എസ് പ്രൊജക്ട് ഓഫീസർ കെ.പി ജോൺ, സി.ഡി.ഒ മൈക്കിൾ ഡിക്രൂസ്, വീ-ഷെയർ പ്രോഗ്രാം കോ-ഓർഡിനേറ്റർ സി. സൂസൻ എന്നിവർ ക്ലാസ്സുകൾ നൽകി. സംഗമത്തിൽ 160 പേർ പങ്കെടുത്തു.


വീ-ഷെയർ കോട്ടയം മേഖലാ സംഗമത്തിൽ നിന്ന്


വീ- ഷെയർ തിരുവല്ല മേഖലാ സംഗമത്തിൽ കെ.പി ജോൺ സംസാരി ക്കുന്നു. സി.സൂസൻ സമീപം

## സംയുക്ത യോഗം- മുണ്ടക്കയം മേഖല



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മുണ്ടക്കയം മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ മേഖലാതല വേദിയായ സംയുക്തയുടെ യോഗം പൊടിമറ്റത്ത് നടന്നു. പ്രസിഡണ്ട് രാജി പ്രിൻസ് അദ്ധ്യക്ഷയായിരുന്ന യോഗത്തിൽ മേഖലാ സെക്രട്ടറി മറിയാമ്മ മാമച്ചൻ സ്വാഗതവും ഏലിക്കുട്ടി ജോസഫ് കൃതജ്ഞതയും രേഖപ്പെടുത്തി. വി.എസ്.എസ്.എസ് സി.ഡി.ഒ ജോസ്മി സെബാസ്റ്റ്യൻ റിപ്പോർട്ടുകളുടെ വിലയിരുത്തൽ നടത്തി.

## ഓപ്പൺ ഹൗസ്



കുറിച്ചി മലകുന്നം ഗവ.എൽ പി സ്കൂളിൽ നടന്ന ഓപ്പൺ ഹൗസിൽ ജോമോൻ പി.എൽ സംസാരിക്കുന്നു.

കോട്ടയം ജില്ലാ ചൈൽഡ് ലൈൻ, കുറിച്ചി പഞ്ചായത്ത് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പഞ്ചായത്തിലെ 7 മുതൽ 16 വരെ വാർഡുകളിലെ കുട്ടികൾക്കായി മലകുന്നം ഗവ.എൽ.പി സ്കൂളിൽ ഓപ്പൺ ഹൗസ് സംഘടിപ്പിച്ചു. ആരോഗ്യ,വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ലൂസി ജോസിൻെറ അദ്ധ്യക്ഷതയിൽ പ്രസിഡന്റ് ആർ രാജഗോപാൽ ഓപ്പൺ ഹൗസ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്തംഗങ്ങളായ മഞ്ചീഷ്, അശ്വതി കെ.എസ് എന്നിവർ സംസാരിച്ചു

ചങ്ങനാശ്ശേരി ആർ. ടി. ഒ കുര്യൻ ജോൺ, എക്സൈസ് സി.ഇ.ഒ സന്തോഷ്, എന്നിവരുടെ നേതൃത്വത്തിൽ തുറന്ന ചർച്ചയിലൂടെ കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തുകയും ചിലതിന് പരിഹാരമാർക്ഷങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ചൈൽഡ് ലൈൻ കോർഡിനേറ്റർ ജോമോൻ പി.എൽ, ചൈൽഡ് ലൈൻ അംഗങ്ങൾ എന്നിവരുടെ മേൽനോട്ടത്തിൽ സംഘടിപ്പിക്കപ്പെട്ട പരിപാടിയിൽ 48 കുട്ടികൾ പങ്കെടുത്തു.

# ആശാകിരണം



ആശാകിരണം കോർ ടീം മീറ്റിംഗ്

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കാൻസർ സാന്ത്വന പദ്ധതിയായ ആശാകിരണത്തിന്റെ പ്രവർത്തന അവലോകനത്തിനും, വിലയിരുത്തലിനുമായി ചേർന്ന കോർ ടീം അംഗങ്ങളുടെ യോഗം അമലനിലയത്തിൽ സൊസൈറ്റി ഡയറക്ടർ ഫാ.ഡെന്നീസ് ജോസഫ് കണ്ണമാലിൽ ഉദ്ഘാടനം ചെയ്തു. ഫാ. സിൽവസ്റ്റർ മാധവശ്ശേരി, ആശാകിരണം കാരിത്താസ് ഇൻഡ്യ പ്രതിനിധി സിബി പൗലോസ് എന്നിവർ പങ്കെടുത്തു. കോ-ഓർഡിനേറ്റർ പ്രമില ജോർജ്ജ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് പ്രതിനിധികൾ മേഖലാ റിപ്പോർട്ട് അവതരിപ്പിച്ചു. നിലവിലുള്ള പ്രവർത്തനങ്ങളിൽ നേരിടുന്ന ബുദ്ധിമുട്ടുകളും നടപ്പിലാക്കാൻ കഴിഞ്ഞ പ്രവർത്തനങ്ങളും യോഗം വിലയിരുത്തി. 16 പേർ പങ്കെടുത്തു.









കുടിൽരഹിത രൂപതാ പദ്ധതി പ്രകാരം നിർമിച്ച ഏതാനും വീടുകൾ



# അഭിവന്ദ്യ പിതാവിന്റെ
## ജനുവരി മാസ പരിപാടികൾ

| | | | | |
|---|---|---|---|---|
| 05 | വെള്ളി | | - | **PPD** |
| 06 | ശനി | **6.30 am** | - | ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| | | **10.30 am** | - | ദിവ്യബലി, ശതാബ്ദി-സെന്റ് പോൾസ് ഗേൾസ് ഹൈസ്കൂൾ, വെട്ടിമുകൾ |
| 07 | ഞായർ | **7.30 am** | - | ദിവ്യബലി, മൈനർ സെമിനാരി വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സംഗമം, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| | | **4.00 pm** | - | ദൈവാലയാശീർവ്വാദം സെന്റ് ജോസഫ്സ് ചർച്ച്, ഹെലിബെറിയ |
| 08 -09 | | | - | കാനൻലോ സൊസൈറ്റിയുടെ മീറ്റിംഗ് ആൽഫാ പാസ്റ്ററൽ സെന്റർ, ഇടക്കൊച്ചി |
| 10 | ബുധൻ | **6.30 am** | - | ദിവ്യബലി, അഭിവന്ദ്യ അംബ്രോസ് അബസോളോ പിതാവിന്റെ 35-ാം ചരമവാർഷികം വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 12-14 | | | - | **KRLCBC & KRLCC**, തിരുവനന്തപുരം |
| 17 -20 | | | - | വേളാങ്കണ്ണി തീർത്ഥാടനം |
| 21 | ഞായർ | **9.30 am** | - | തിരുനാൾ ദിവ്യബലി, ഗുഡ്ഷെപ്പേർഡ് ചർച്ച്, കോട്ടയം |
| 25 | വ്യാഴം | **10.00 am** | - | രൂപതാ കോർപ്പറേറ്റ് ടീച്ചേഴ്സ് ഗിൽഡ്, ലിറ്റിൽ ഫ്ളവർ ഗേൾസ് ഹൈസ്കൂൾ, മൂന്നാർ |
| 26 | വെള്ളി | | - | **PPD** |
| 27 | ശനി | **11.30 am** | - | ദിവ്യബലി, **Lamp lighting Ceremony**, അസ്സീസി നേഴ്സിംഗ് കോളേജ്, മുക്കൂട്ടുതറ |
| 28 | ഞായർ | **5.00 pm** | - | തിരുനാൾ ദിവ്യബലി, ഹോളി ഫാമിലി ചർച്ച്, കോട്ടയം. |


SOUTH INDIAN Bank
Experience Next Generation Banking
SIB YOUTH PLUS Savings Account
"There is no better time to experiment
with the good things that come to your life...."
Experience the Next Generation Savings
Account for YOUTHS


Need a vehicle?
Vehicle loans
from CSB
We realize that India's growing population and economy requires better means of transport. Be it Companies, Firms, Educational Institutions, Hospitals or Individuals, we help finance your purchase. Our loans are hassle free and the interest rates competitive. We help when you need it the most.
Loans available for individuals and organizations
Loans available for purchase of new and used vehicles
Special scheme for HNI's
Equated Monthly Installments (EMI)
Call: 1800 266 9090
www.csb.co.in
CSB... Support all the way
Catholic Syrian Bank
CSB

JANUARY 2018
Vol. 11 • Issue 1
Published on
1st January 2018

vijayapuradhuthu
(MONTHLY)
Annual Subscription ₹ 60.00

Registered No. KL/KTM/117/2017-19
LIC. No. KL/CR/KTM/WPP-09/2017-19
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

# മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം



# ECOBURN™

**MOST ECONOMICAL ECO–FRIENDLY SOLID WASTE BURNER**

വൈദ്യുതി, ഗ്യാസ്, ഓയിൽ തുടങ്ങിയ യാതൊരുവിധ ഇന്ധന സഹായവുമില്ലാതെ തികച്ചും പരിസ്ഥിതി സൗഹൃദപരമായി ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യ. മലിനീകരണ നിയന്ത്രണ സംവിധാനത്തോടെ, ഫ്ളാറ്റുകൾ, ആശുപത്രികൾ ഹോസ്റ്റലുകൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ ഷോപ്പിംഗ് കോംപ്ലക്സ്, പൊതുമാർക്കറ്റുകൾ, വീടുകൾ എന്നിവയിൽ നിന്നുള്ള ഖരമാലിന്യ പ്രശ്നങ്ങൾക്ക് ചിലവു കുറഞ്ഞ രീതിയിൽ ശാശ്വത പരിഹാരം.

- ലളിതമായ പ്രവർത്തനരീതി
- പരിപാലന ചിലവ് ഇല്ല
- ആവശ്യാനുസരണമുള്ള ഡിസൈൻ
- വളരെ കുറഞ്ഞ സ്ഥാപിത ചിലവ്

**ecoway**
TECHNOLOGIES PVT. LTD.

**Perumbaikadu P.O., Neelimangalam**
**Kottayam - 686028**
**Ph: 0481-2397752/9400316501**

**ENVIRONMENTAL CONSULTANTS & MANUFACTURES OF:**
WATER & WASTE WATER TREATMENT PLANTS • SOLID WASTE DISPOSAL SYSTEMS • AIR POLLUTION CONTROL STSTEMS

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm. at Good Shepherd Press, Kottayam, Kerala # 0481-2569180